കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ചേർത്തല നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/ജി.എ5-163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

ഫോൺ: 0477 2252753

ഇ-മെയിൽ: ddhglfalpy@gmail.com

തീയതി: 14.02.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

ചെയർമാൻ (സെക്രട്ടറി മുഖേന)

ചേർത്തല നഗരസഭ

സർ,

വിഷയം : ചേർത്തല നഗരസഭ- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/ജി.എ5-163/2017 തീയതി, 14.02.2017

## ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.04.2016 മുതൽ 20.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ആർ.അശോകൻ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 20.01.2017മുതൽ 31.01.2017 വരെ | ശ്രീ. സുരേഷ് എസ്,ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ എം പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.റോയ് റ്റി എം,സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. രാജേഷ് റ്റി, ഓഡിറ്റർ<br>ശ്രീമതി. രാജിമോൾ പി സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.ചെയർമാൻ

| | | |
|---|---|---|
| 1. | ശ്രീമതി.ജയലക്ഷ്മി അനിൽ കുമാർ | 01.04.2015 മുതൽ 30.09.2015 വരെ |
| 2. | ശ്രീ. ഐസക് മാടവന | 01.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.പി എസ് ഷിബു | 01.04.2014 മുതൽ 10.02.2016 വരെ |
| 2 | ശ്രീകാന്ത് എ എസ് | 15.02.2016 മുതൽ 31.3.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | അഡ്വ.കെ.ജെ.സണ്ണി | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീമതി.ശ്രീലേഖ നായർ | 11/2015 മുതൽ 31.3.16 |
| 2 | വികസനകാര്യം | ശ്രീമതി.കെ.കവിത | 01.04.2015മുതൽ 30.09.2015വരെ |
| | | അഡ്വ.പി.ഉണ്ണികൃഷ്ണൻ | 11/2015 മുതൽ 31.3.16 |
| 3 | ക്ഷേമകാര്യം | അഡ്വ.പി.ഉണ്ണികൃഷ്ണൻ | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീമതി. സിന്ധ്യ ബൈജു | 11/2015 മുതൽ 31.3.16 |
| 4 | ആരോഗ്യകാര്യം | ശ്രീമതി. അനിയമ്മ വിജയൻ | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീ. വി.റ്റി.ജോസഫ് | 11/2015 മുതൽ 31.3.16 |
| 5 | പൊതുമരാമത്ത് | ശ്രീ. വി.റ്റി.ജോസഫ് | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീമതി. ലീന എൻ | 11/2015 മുതൽ 31.3.16 |
| 6 | വിദ്യാഭ്യാസം കലാ-കായികം | ശ്രീമതി. കെ.ലതിക | 01.04.2015മുതൽ 30.09.2015വരെ |
| | | ശ്രീ. ബി ഭാസി | 11/2015 മുതൽ 31.3.16 |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | | |
|---|---|---|---|
| 1 | അഗ്രി.ഫീൽഡ് ഓഫീസർ | ശ്രീ.ഐ.മുഹമ്മദ് കോയ, അഗ്രി.ഫീൽഡ് ഓഫീസർ, ചേർത്തല കൃഷി ഭവൻ | 01.04.2015മുതൽ 31.03.2016വരെ |
| 2 | സീനിയർ വെറ്ററിനറി സർജൻ | ഡോ.സലിം ചെല്ലപ്പൻ, സീനിയർ വെറ്ററിനറി സർജൻ, ചേർത്തല | 01.04.2015മുതൽ 31.03.2016വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഇന്ദിര എ, ഐ.സി.ഡി.എസ് സൂപ്പർവൈസർ, ചേർത്തല | 01.04.2015മുതൽ 31.03.2016വരെ |
| | | ശ്രീമതി. ബി.രമ | 01.04.2015മുതൽ 31.03.2016വരെ |
| 4 | എസ്.സി.ഡി.ഒ | ശ്രീമതി.സിന്ധു.പി.ഐ, എസ്.സി.ഡി.ഒ, | 01.04.2015മുതൽ 31.03.2016വരെ |

| | | | |
|---|---|---|---|
| | | കഞ്ഞിക്കുഴി ബ്ളോക്ക്, ചേർത്തല നഗരസഭ | |
| 5 | മെഡിക്കൽ ഓഫീസർ, (അലോപ്പതി) | ഡോ.ഷബ്ന.ഡി, താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | 01.04.2015മുതൽ 31.03.2016വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.എസ്.ഷീബ, മെഡിക്കൽ ഓഫീസർ | 01.04.2015മുതൽ 31.03.2016വരെ |
| | | ഡോ.ഉഷ | 01/2016 മുതൽ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സതീഷ് കുമാർ, ഡിഎം ഒ, സിവിൽ സ്റ്റേഷൻ കണ്ണൂർ | 01.04.2015മുതൽ 31.03.2016വരെ |
| 8 | പ്രിൻസിപ്പൽ ഗവ.എച്ച്.എസ്. എസ് | ശ്രീ.ജയപ്രസാദ് എ, പ്രിൻസിപ്പാൾ, SNMGHSSചേർത്തല | 01.04.2015മുതൽ 31.03.2016വരെ |
| 9 | മുനിസിപ്പൽ എൻജിനീയർ | ശ്രീ.കെ.സുഗുണൻ, മുനിസിപ്പൽ എൻജിനീയർ, ചേർത്തല നഗരസഭ | 01.04.2015മുതൽ 31.03.2016വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-12 |
| | ഭാഗം 2 | |
| 2 | വസ്തു നികുതി | 2-1 |
| 3 | തൊഴിൽ നികുതി | 2-2 |
| 4 | ഡി & ഒ ലൈസൻസ് ഫീ ഈടാക്കുന്നില്ല | 2-3 |
| 5 | ലേലം പിരിവിൽ ഗുരുതരമായ വീഴ്ച | 2-4 |
| 6 | നഗരസഭ കെട്ടിടങ്ങളുടെ വാടക പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച | 2-5 |
| 7 | വിനോദ നികുതി പിരിവ് സംബന്ധിച്ച് | 2-6 |
| 8 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-7 |
| 9 | ടെൻഡർ ഫോം വില കുറവ് ഈടാക്കിയത് മൂലം നഷ്ടം | 2-8 |
| | ഭാഗം 3 | |
| 10 | ഖരമാലിന്യ സംസ്കരണം - പദ്ധതി ഉപേക്ഷിച്ചു - പദ്ധതിക്ക് വേണ്ടി നൽകിയ തുക പാഴായി | 3-1 |
| 11 | അംബേദ്കർ അയ്യൻകാളി പഠന ഗവേഷണകേന്ദ്രം - പണം മുടക്കിയെങ്കിലും പ്രവർത്തനം നടക്കുന്നില്ല | 3-2 |
| 12 | പൊന്നുംവില നടപടികൾ വഴി ഏറ്റെടുത്ത സ്ഥലത്ത് അനധികൃതമായി റോഡ് | 3-3 |

| | | |
|---|---|---|
| | നിർമ്മിച്ചു | |
| 13 | നഗരസഭയിലെ ഇ-ടോയിലറ്റുകൾ പ്രവർത്തനരഹിതം | 3-4 |
| 14 | ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം കൃത്യമായി ഒടുക്കുന്നില്ല – പിഴപലിശ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നു | 3-5 |
| 15 | ചേർത്തല നഗരസഭയിലേയ്ക്ക് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 3-6 |
| 16 | വൈദ്യുതി ചാർജ്ജ് കുടിശ്ശിക പെരുകുന്നു - തുക അടയ്ക്കാത്തത് നഗരസഭാ ഫണ്ടിന്റെ അപര്യാപ്തത മൂലം | 3-7 |
| 17 | നഗരസഭയുടെ മുഴുവൻ തെരുവുവിളക്കുകൾക്കും മീറ്റർ സമ്പ്രദായം നടപ്പാക്കണം | 3-8 |
| 18 | സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങി | 3-9 |
| 19 | അനധികൃത കെട്ടിടങ്ങൾ പൊളിച്ച് നീക്കി - ചെലവ് ഈടാക്കിയില്ല | 3-10 |
| 20 | സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്. | 3-11 |
| 21 | സേവാഗ്രാം വാർഡ് സഭാകേന്ദ്രങ്ങളിൽ ബോർഡ് സ്ഥാപിക്കൽ - ഓഫീസില്ലാത്തതിനാൽ ബോർഡ് സ്ഥാപിക്കാത്ത കേന്ദ്രത്തിനായുള്ള ചെലവ് അംഗീകരിക്കുന്നില്ല | 3-12 |
| 22 | ഓട്ടോറിക്ഷ വാങ്ങൽ - പ്രോജക്ടിനായി പണം മുടക്കിയെങ്കിലും വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല | 3-13 |
| 23 | എസ്.സി. ഭവനനിർമ്മാണം ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ അപാകത | 3-14 |
| 24 | മുൻകൂർ തുക കൈപ്പറ്റിയിട്ടും കക്കൂസ് നിർമ്മാണം ആരംഭിച്ചില്ല പദ്ധതിപ്പണം പാഴ്ച്ചെലവായി | 3-15 |
| 25 | ഗവ. ആയുർവ്വേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ - കൂടിയ നിരക്കിൽ മരുന്ന് വാങ്ങിയതുമൂലം അധികച്ചെലവ് | 3-16 |
| 26 | ഭവന പുനരുദ്ധാരണം - തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടപ്പാക്കിയില്ല | 3-17 |
| 27 | ഇ.എം.എസ്. ഭവനപദ്ധതി വായ്പ തിരിച്ചടവ് - പിൻവലിച്ച തുക യഥാസമയം ബാങ്കിൽ അടച്ചില്ല | 3-18 |

| | | |
|---|---|---|
| 28 | കാലിവീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു - നഷ്ടം 28750/- | 3-19 |
| 29 | ടേപ്പ് മെഷർമെന്റ് - 10% കുറവു വരുത്തിയില്ല നഷ്ടം - 49915/- | 3-20 |
| 30 | റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ തുക ചെലവഴിച്ചു | 3-21 |
| 31 | ഓപ്പൺ എയർ ഓഡിറ്റോറിയം - നിഷ്ക്രിയം | 3-22 |
| 32 | സൈറ്റിൽ ലഭ്യമായ സാധനം ഉപയോഗിക്കാതിരുന്നതുവഴി നഷ്ടം | 3-23 |
| 33 | റോഡ് നിർമ്മാണത്തിൽ ആവശ്യത്തിന് മെറ്റിൽ ഉപയോഗിച്ചില്ല | 3-24 |
| 34 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയില്ല | 3-25 |
| 35 | എസ്.ബി.കോളേജിന് വടക്കുവശം പാട്ടച്ചിറ തോടിന് സ്ലാബ് - കരാറുകാരന് അധികം നൽകി | 3-26 |
| 36 | നഗരസഭ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിക്കുന്നില്ല | 3-27 |
| 37 | ആവശ്യമായ രേഖകൾ ഇല്ലാതെ നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റ് അനുവദിക്കുന്നു | 3-28 |
| 38 | വനിതാ ഹോസ്റ്റൽ നഗരസഭയ്ക്ക് ബാദ്ധ്യത | 3-29 |
| 39 | നഗരസഭാ കാര്യാലയത്തിലെ സോളാർ പാനൽ പ്രവർത്തനക്ഷമമല്ല | 3-30 |
| 40 | ആസ്തി രജിസ്റ്റർ - ആധികാരികത ഇല്ല | 3-31 |
| 41 | ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 3-32 |
| 42 | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ - പൂർത്തീകരണ വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല | 3-33 |
| | ഭാഗം 4 | |
| 43 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |



## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 18.3.2015 തീയതിയിലെ ഒന്നാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 460223000 | 467633500 |
| അക്കൗണ്ട്സ് പ്രകാരം | 138979922 | 168186079 |

| | | |
|---|---|---|
| വ്യത്യാസം | 321243078 | 299447421 |

ബജറ്റ് പ്രകാരാരമുള്ള വരവും ചെലവും യഥാർത്ഥകണക്കുകളുമായി വൻ വ്യത്യാസമാണുള്ളത്. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 31.07.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 51909803 |
| വരവ് | 138979922 |
| ആകെ | 190889725 |
| ചെലവ് | 168186079 |
| നീക്കിയിരിപ്പ് | 22703646 |

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം 1 | മുൻബാക്കി 2 | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് കിട്ടിയ തുക 3 | തൻവർഷ അലോട്ട്മെന്റ് 4 | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക 5 | ആകെ 2+3+5 | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയ തുക | തിരിച്ചടച്ചത്. | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8572882 | 35032864 | 32148113 | 8453517 | 52059263 | 52059263 | -- | -- | 0 |
| വികസനഫണ്ട് എസ്.സി.പി. | 4579505 | | 4615000 | 2364647 | 6944152 | 4140407 | 2803745 | | 0 |
| വികസനഫണ്ട് ടി.എസ്.പി. | -- | --- | | -- | | -- | -- | -- | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1679091 | | 8405000 | 7099651 | 8778742 | 8778742 | | | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 4069996 | | 8795000 | 6529835 | 10599831 | 10599831 | | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10945449 | | 29470799 | 27596304 | 38541753 | 13687730 | 24854023 | | |
| പെർഫോമൻസ് ഗ്രാന്റ് | 8023080 | | | 2079551 | 10102631 | 2727535 | 7375096 | | |
| കേന്ദ്രാവിഷ്കൃത പദ്ധതി. | 2290262 | | | 15932734 | 18222996 | 6935953 | | | 11287043 |
| ബി ഫണ്ട് | | | | 28790569 | 28790569 | 28790569 | | | |

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 131073122 | 105 | 69851277 | 21 | 33 | 66.03 |

1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.16ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2014-15) | തൻവർഷം (2015-16) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 22059116 | 27524819 | (+)5465703 | (+)24.78 |
| നികുതിയേതര വരവുകൾ | 16312250 | 12298569 | (-)4013681 | (-)24.60 |
| മറ്റ് വരവുകൾ | 19405534 | 2260688 | (-)17144846 | (-)88.35 |
| ആകെ | 57776900 | 42084076 | (-)15692824 | (-)27.16 |

1-8 ക്ഷേമ പദ്ധതികൾ

നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1376280 | 757 |
| കർഷകതൊഴിലാളി പെൻഷൻ | 3197760 | 413 |
| വിധവാപെൻഷൻ | 9486360 | 1107 |
| വാർദ്ധക്യകാലപെൻഷൻ | 8095140 | 1685 |
| വികലാംഗപെൻഷൻ | 3534265 | 464 |
| അവിവാഹിതപെൻഷൻ | 955720 | 126 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.01.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,05,500രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമ പഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം തൃപ്തികരമല്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. വിവിധ വരവിനങ്ങളുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.02.2011 | 2009-10 | 11.02.2011 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.05.2015 to 25.05.2015 | 2012-13, 2013-14, 2014-15 | 16.06.2016 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി

എ) ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

നഗരസഭാ പരിധിയിലുള്ള താഴെപ്പറയുന്ന അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി അസ്സസ് ചെയ്തിട്ടുണ്ടെങ്കിലും ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ കാലതാമസം വരുന്നതു മൂലം നഗരസഭയ്ക്ക് ലഭിക്കുമായിരുന്ന വരുമാനത്തിൽ കുറവു വരുന്നു. കൂടാതെ മേൽ തുകയോടൊപ്പം ഈടാക്കേണ്ടിയിരുന്ന സേവന നികുതി, ലൈബ്രറി സെസ്സ് എന്നിവയും ഈടാക്കുവാൻ കാലതാമസം വരുന്നു. നഗരസഭയ്ക്ക് ലഭിക്കേണ്ടുന്ന വരുമാനം യഥാസമയം ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിട നം | അസ്സസ് ചെയ്ത കാലയളവ് | ഡിമാന്റ് ചെയ്ത തീയതി | തറ വിസ്തീർണ്ണം | തുക |
|---|---|---|---|---|---|---|
| 1 | സെന്റ് ആൻസ് സ്കൂൾ | UA 23/1 | 2012-13 first half | 05/12/2016 | 3285.79M$^2$ | 39430*3 =1,18,290/- |
| 2 | സുമതി രവി, ടിനോ, ശ്രീജിത്ത്, മേടയിൽ | UA V/362A | 2013-14 first half | 07/12/2016 | 247.47 M$^2$ | 32666*3 = 97,998/- |
| 3 | ജോസഫ് മകൻ ജോർജ് ജോസഫ്, വടക്കേകരിയിൽ | UA V/291 | 2012-13 first half | 09/1/2017 | 286.65 M$^2$ | 42568*3 =1,27,704/- |
| 4 | " | UA V/300 | 2012-13 first half | 09/1/2017 | 446.04 M$^2$ | 66236*3 =1,98,708/- |
| 5 | രാധാകൃഷ്ണൻ & സരള, ലക്ഷ്മീ ഭവനം | UA IV/325 K | 2014-15 first half | 14/11/2016 | 296 M$^2$ | 43956*3 =1,31,868/- |
| 6 | സെക്രട്ടറി, kvm ട്രസ്റ്റ് ഹോസ്പിറ്റൽ | UA XIV/200E | 2014-15 first half | 16.01.2017 | 428 M$^2$ | 5779*3 = 17337/- |
| 7 | " | " | 2014-15 first half | " | " | " |
| 8 | " | " | 2014-15 first half | " | " | |

ഇവയിൽ പല കെട്ടിടങ്ങളും അസ്സസ് ചെയ്ത കാലയളവിനും മുൻപ് നിർമ്മാണം പൂർത്തിയാക്കിയവയാണ്. വിശദമായി പരിശോധിച്ച് കുടിശ്ശിക സഹിതം നികുതി പിരിച്ചെടുക്കേണ്ടതാണ്.

ബി) മൊബൈൽ ടവറുകളുടെ വസ്തുനികുതി

നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/ തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ പരമാവധി 500/- രൂപ വരെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. ഇപ്രകാരം നഗരസഭാ പ്രദേശത്ത് വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന പല ടവറുകളിൽ നിന്നും മേൽ സർക്കാർ ഉത്തരവ് അനുസരിച്ചുള്ള നിയമാനുസൃതമായ വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. ഓഡിറ്റ് എൻക്വയറി

നൽകിയതിന് 18 ടവറുകളുടെ ലിസ്റ്റ് ഹാജരാക്കിയെങ്കിലും തറവിസ്തീർണ്ണം വ്യക്തമാക്കിയിട്ടില്ല. ഇതിൽ ബി.എസ്.എൻ.എൽ. ടവർ ഉൾപ്പെടുത്തിയിട്ടുമില്ല. നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്ന (ബി.എസ്.എൻ.എൽ ടവറുകൾ ഉൾപ്പെടെ) എല്ലാ ടവറുകളുടെയും വിശദാംശങ്ങൾ അഡ്രസ്സ്, തറവിസ്തീർണ്ണം എന്നിവ സഹിതം എഴുതി സൂക്ഷിക്കേണ്ടതാണ്. ടവറുകളുടെ വസ്തുനികുതി കൃത്യമായി ഈടാക്കേണ്ടതാണ്.

സി) ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

വർഷങ്ങളായി നഗരസഭയിൽ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ലാത്തതിനാൽ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടതായ വരുമാനത്തിൽ വ്യക്തതയില്ല. നിലവിൽ, നഗരസഭാ കൗണ്ടർ വഴിയല്ലാതെ കെട്ടിട നികുതി ഒടുക്കുന്ന കെട്ടിട ഉടമയുടെ വസ്തുനികുതി ഒടുക്ക് സംബന്ധിച്ച് വിവരം ലഭ്യമാകണമെങ്കിൽ ബിൽ കളക്ടർമാരുടെ ഹാൻഡ് ബുക്കിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം വസ്തുനികുതിയുടെ കുടിശ്ശിക സംബന്ധിച്ചും ആധികാരികമായ രേഖകളൊന്നും നഗരസഭയിൽ സൂക്ഷിക്കുന്നല്ല. നഗരസഭയുടെ പ്രധാന വരുമാനമായ വസ്തുനികുതി പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് നഗരസഭയുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുള്ളത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

ഡി) യഥാസമയം നികുതി ഈടാക്കുന്നില്ല

വസ്തു നികുതി ഡിമാന്റ് ചെയ്യുതിലെ പിഴവുമൂലം വരുമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച വാണിജ്യാവശ്യത്തിനായി വാർഡ് II ൽ നിർമ്മിച്ച ശ്രീ.ഹരിഹരനാചാരി, നടുവീട്ടിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നിർമ്മാണം 08.01.2016 ൽ പൂർത്തിയാക്കി ഒക്യുപൻസി സർട്ടിഫിക്കേറ്റ് നല്കിയിട്ടുണ്ട്. നിയമപ്രകാരം ഈ കെട്ടിടങ്ങളുടെ വസ്തുനികുതി 2015-16 രണ്ടാം അർദ്ധവർഷം മുതൽ ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. എന്നാൽ ഫയൽ പരിശോധനയിൽ ഈ കെട്ടിടങ്ങൾക്ക് 2016-17 ഒന്നാം അർദ്ധവർഷം മുതലാണ് നികുതി ഡിമാന്റ് ചെയ്തിട്ടുള്ളത്.

| ക്രമനം | വാർഡ്, കെട്ടിടനം | തറ വിസ്തീർണ്ണം | വസ്തുനികുതി | 2015-16ൽ ഈടാക്കേണ്ടിയിരുന്ന അർദ്ധവർഷ നികുതി |
|---|---|---|---|---|
| 1 | II/227A | 251.25 $M^2$ | 37312/- | 18656/- |
| 2 | II/227B | 19.4 $M^2$ | 1688/- | 844/- |
| 3 | II/227C | 44.12 $M^2$ | 3574/- | 1787/- |
| 4 | II/227D | 9.90 $M^2$ | 802/ | 401/- |
| ആകെ കുറവ് | | | | 21,688/- |

കൂടാതെ മേൽ തുകയോടൊപ്പം ഈടാക്കേണ്ടിയിരുന്ന സേവന നികുതി, ലൈബ്രറി സെസ്സ് എന്നിവയും ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കുന്നതിന് ബന്ധപ്പെട്ട വ്യക്തികൾക്ക് 28.1.2017 ൽ നോട്ടീസ് നൽകുകയുണ്ടായി. തുക ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി

നഗരസഭയുടെ 2015 – 16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകളും അർദ്ധവാർഷിക വരുമാന പത്രികകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണം

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ നികുതി ഡിമാന്റ് ചെയ്ത എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിൽ നികുതി അടയ്ക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. നഗരസഭാ പരിധിക്കുള്ളിൽ തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് സ്റ്റേറ്റ് മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

2)നികുതി പിരിവ് കാര്യക്ഷമമല്ല

എ) നൈപുണ്യ സ്കൂൾ ഓഫ് മാനേജ്മെന്റിലെ ചുവടെ ചേർത്തിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു. ഈ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ (ആറു മാസത്തെ) ആകെ വരുമാനം തെറ്റായാണ് ചേർത്തിട്ടുള്ളത്. ക്രമ നം. 1 മുതൽ 6 വരെയുള്ള ജീവനക്കാർ 2014-15 ഒന്നാം അർദ്ധവർഷവും 2015-16 രണ്ടാം

അർദ്ധവർഷവും പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്തിട്ടുള്ളതാണ് (2014-15 രണ്ടാം അർദ്ധവർഷത്തെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല). ഇവർ ജോലി ചെയ്ത കാലയളവ് സംബന്ധിച്ച മറ്റ് വിവരങ്ങളൊന്നും തന്നെ വരുമാന പത്രികയിൽ ചേർത്തിട്ടില്ല.

| ക്രമ നം. | ജീവനക്കാരന്റെ പേര്/തസ്തിക | അടിസ്ഥാന ശമ്പളം/ഡി.എ/ആകെ | അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | അർദ്ധ വാർഷിക വരുമാന പത്രികയിൽ കാണിച്ചിട്ടുള്ള അർദ്ധ വാർഷിക വരുമാനം, ഈടാക്കിയ നികുതി | കുറവ് | കുറിപ്പ് |
|---|---|---|---|---|---|---|---|
| 1 | മേരി.പി.കെ, ലക്ചറർ | 7000+7500<br>= 14500 | 87000 | 750 | 58000/-<br>450/- | 300 | 2014-15 I-ാം അർദ്ധവർഷം 600 രൂപയും 2015-16 II-ാം അർദ്ധവർഷം 750 രൂപയും അടച്ചിട്ടുണ്ട് |
| 2 | ദിവ്യ വർഗ്ഗീസ്<br>ലക്ചറർ | 7000+6500<br>=13500 | 81000 | 750 | 13500/-<br>120/- | 630 | 2014-15 I, 2015-16 II അർദ്ധ വർഷങ്ങളിൽ 750 രൂപ വീതം അടച്ചിട്ടുണ്ട് |
| 3 | ടിനു.ടി.തോമസ്,<br>ഓഫീസ് സ്റ്റാഫ് | 7000+2500<br>=9500 | 57000 | 450 | 28500/-<br>180/- | 270 | 2014-15 I, 2015-16 II അർദ്ധ വർഷങ്ങളിൽ 600 രൂപ വീതം അടച്ചിട്ടുണ്ട് |
| 4 | സിനി ദേവസ്സി കുഞ്ഞ്,<br>ഓഫീസ് സ്റ്റാഫ് | 4000+2000<br>=6000 | 36000 | 300 | 18500/-<br>180/- | 120 | 2014-15 I, 2015-16 II അർദ്ധ വർഷങ്ങളിൽ 300 രൂപ വീതം അടച്ചിട്ടുണ്ട് |
| 5 | അശോകൻ.എം.ഡി.<br>ഓഫീസ് സ്റ്റാഫ് | 7000+5000<br>=12000 | 72000 | 600 | 36000/-<br>300/- | 300 | 2014-15 I-ാം അർദ്ധവർഷം 600 രൂപയും 2015-16 II-ാം അർദ്ധവർഷം 750 രൂപയും അടച്ചിട്ടുണ്ട് |
| 6 | അഖില ദാസ്,<br>ലക്ചറർ | 15100+0<br>=15100 | 90600 | 750 | 30200<br>300 | 450 | 2014-15 I, 2015-16 II അർദ്ധവർഷങ്ങളിൽ 750 രൂപ വീതം അടച്ചിട്ടുണ്ട് |
| 7 | റാണി ജോയ്, ഓഫീസ് സ്റ്റാഫ് | 4000+2500<br>=6500 | 39000 | 300 | 13000<br>120/- | 180 | - |
| 8 | ഷെറിൻ,<br>ഓഫീസ് സ്റ്റാഫ് | 5000+5200<br>=10200 | 61000 | 600 | 10200<br>120/- | 180 | 2014-15 I-ാം അർദ്ധവർഷത്തിൽ 300രൂപ നികുതി അടച്ചിട്ടുണ്ട്. |
| 9 | മേരി ജോസഫ്, | 4000+2000 | 36000 | 300 | 12000 | 180 | 2014-15 I-ാം |

| | | | | | | | |
|---|---|---|---|---|---|---|---|
| | ഓഫീസ് സ്റ്റാഫ് | =6000 | | | 120/- | | അർദ്ധവർഷത്തിൽ 300രൂപ നികുതി അടച്ചിട്ടുണ്ട്. |
| 10 | സിമി.എ,ലക്ചറർ | 7000+6500 =13500 | 81000 | 750 | 67500/- 600 | 150 | - |
| 11 | Fr.(Dr)പോൾ കൈതോട്ടുങ്കൽ, പ്രിൻസിപ്പാൾ | 8000+0 =8000 | 48000 | 450 | 40000/- 300/- | 150 | - |
| 12 | ഗായത്രി.എ, ലക്ചറർ | 7000+5500 =12500 | 75000 | 750 | 37500/- 300/- | 450 | - |
| 13 | മനു.പി.സോമൻ, ലക്ചറർ | 15500+500 =16000 | 96000 | 750 | 48000/- 450/- | 300 | - |
| 14 | മാത്യു ജോസഫ്, ലക്ചറർ | 16000+ 3000=19000 | 114000 | 1000 | 95000/- 750/- | 250 | 2015-16 II-ാം അർദ്ധവർഷം 1000 രൂപ അടച്ചിട്ടുണ്ട്. |
| 15 | ലിജോ എബ്രഹാം, ലക്ചറർ | 16000+ 2000 =18000 | 108000 | 1000 | 54000/- 450/- | 550 | 2015-16 II-ാം അർദ്ധവർഷം 1000 രൂപ അടച്ചിട്ടുണ്ട്. |
| 16 | അനീഷ് ജോൺ.എ, ലക്ചറർ | 15500+500 =16000 | 96000 | 750 | 48000/- 450/- | 300 | 2015-16 II-ാം അർദ്ധവർഷം 1000 രൂപ അടച്ചിട്ടുണ്ട്. |
| 17 | ജ്യോതി മനോജ്, ലക്ചറർ | 7000+7750 =14750 | 88500 | 750 | 44250/- 300 | 450 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 18 | ഗായത്രിരമേഷ്, ലക്ചറർ | 15500+500 =16000 | 96000 | 750 | 48000/- 450/- | 300 | - |
| 19 | ജിബ്സൺ ബിവേര, ലക്ചറർ | 18000+12000=30000 | 180000 | 1250 | 90000/- 750/- | 500 | 2015-16 II-ാം അർദ്ധവർഷം 1250 രൂപ അടച്ചിട്ടുണ്ട്. |
| 20 | വി.ചന്ദ്രപ്രസാദ്, ഡ്രൈവർ | 4000+3500 =7500 | 45000 | 450 | 30000/- 300/- | 150 | 2015-16 II-ാം അർദ്ധവർഷം 450രൂപ അടച്ചിട്ടുണ്ട്. |
| 21 | റോഷൻ ബ്രൂസ്, ലക്ചറർ | 15250+0= 15250 | 91500 | 750 | 61000/- 600/- | 150 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 22 | മേരി ഷൈൻ, ഓഫീസ് സ്റ്റാഫ് | 6000+4000 =10000 | 60000 | 600 | 40000/- 300/- | 300 | 2015-16 II-ാം അർദ്ധവർഷം 600രൂപ അടച്ചിട്ടുണ്ട്. |
| 23 | ഉമ്മൻ മാമ്മൻ,ലക്ചറർ | 16000+14000=30000 | 180000 | 1250 | 90000/- 750 | 500 | 2015-16 II-ാം അർദ്ധവർഷം 1250 രൂപ അടച്ചിട്ടുണ്ട്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 24 | ശ്രീലക്ഷ്മി.പി.പി, ലക്ചറർ | 15250+0= 15250 | 91500 | 750 | 45750/- 450 | 300 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 25 | പ്രിയങ്ക.ജി, ലക്ചറർ | 15250+0= 15250 | 91500 | 750 | 45750/- 450 | 300 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 26 | വാസന്തി സുഗുണൻ, ഓഫീസ് സ്റ്റാഫ് | 4000+2000 =6000 | 36000 | 300 | 18000/- 180 | 120 | 2015-16 II-ാം അർദ്ധവർഷം 300 രൂപ അടച്ചിട്ടുണ്ട്. |
| 27 | സിമി ജേക്കബ്, ലക്ചറർ | 7000+7000= 14000 | 84000 | 750 | 42000/- 300 | 450 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 28 | ജോജി ദേവസ്യ, ലക്ചറർ | 15500+500 =16000 | 96000 | 750 | 32000/- 300/- | 450 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 29 | മത്തായി.എ.ഒ, ഓഫീസ് സ്റ്റാഫ് | 4000+3500 =7500 | 45000 | 450 | 15000/- 120/- | 330 | 2015-16 II-ാം അർദ്ധവർഷം 450 രൂപ അടച്ചിട്ടുണ്ട്. |
| 30 | പെനീഷ പോൾ, ലക്ചറർ | 15250+0 =15250 | 91500 | 750 | 30500/- 300 | 450 | 2015-16 II-ാം അർദ്ധവർഷം 750 രൂപ അടച്ചിട്ടുണ്ട്. |
| 31 | നീതു വർഗ്ഗീസ്, ലക്ചറർ | 6000+6500 =12500 | 75000 | 750 | 25000 180 | 570 | - |
| | ആകെ | | | | | | 9690/- |

സ്ഥാപനം രസീത് നം. 11503108726/30.09.2015 പ്രകാരം ആകെ 59020 രൂപ അടവാക്കിയിട്ടുണ്ട്. മേൽ ജീവനക്കാർ ആറുമാസത്തെ വരുമാനം കുറവായി കാണിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടേണ്ടതും നഗരസഭാഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

ബി) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | ജീവനക്കാരന്റെ പേര് | വരുമാന പത്രിക പ്രകാരം അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|---|
| ബാങ്ക് ഓഫ് ബറോഡ | അജീഷ്.പി, സബ് സ്റ്റാഫ് | 9560 +3480 =13040/- 13040x6=78240/- | 750 | 600 രസീത് നം. 0071/03.09.15 6850/- | 150 |
| താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ | ഡോ.അഞ്ജു അജയ്, മെഡിക്കൽ ഓഫീസർ | 32000/ഫെസ്റ്റിവൽ അലവൻസ് 2400/- 17.06.2015 – ൽ ജോലിയിൽ പ്രവേശിച്ചു. 3 മാസത്തെ വരുമാനം =3x32000 =96000 14 ദിവസത്തെ വരുമാനം =14933/- | 1000 | 450 രസീത് നം. 7132/31.08.15 4260/- | 550 |

| | | | | | |
|---|---|---|---|---|---|
| | | ആകെ-110933 | | | |
| ആകെ | | | | | 700 രൂപ |

നഗരസഭാഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

സി)സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി അർദ്ധവാർഷിക വരുമാന പത്രികകളുടെ പരിശോധന നടത്താതെ അതേപടി അംഗീകരിച്ച് തൊഴിൽ നികുതി ഈടാക്കുന്ന രീതിയാണ് നഗരസഭ തുടർന്നുവരുന്നത്. ഉദാഹരണത്തിന് കെ.എസ്.ഇ.ബിയിൽ നിന്നും ആകെ വരുമാനം രേഖപ്പെടുത്താതെ നികുതി മാത്രം നിർണ്ണയിച്ചാണ് വരുമാന പത്രിക നൽകിവരുന്നത്. അതുപോലെ ചേർത്തല സെന്റ്.ജോസഫ്സ് കോളേജ് ഓഫ് ഫാർമസിയിൽ നിന്നും ആകെ അർദ്ധവാർഷിക വരുമാനവും തൊഴിൽ നികുതിയും മാത്രമാണ് രേഖപ്പെടുത്തുന്നത്. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 245(2), ഗവ.സർക്കുലർ 35917/ഡി.1/2000/ത.സ്വ.ഭ.വ തീയതി.27.7.2000 എന്നിവ പ്രകാരം എല്ലാ മാർഗ്ഗങ്ങളിൽ നിന്നുംഒരാൾക്ക് ലഭിക്കാവുന്ന മൊത്ത വരുമാനത്തിന് നികുതി ചുമത്തേണ്ടതും ഒരു സാമ്പത്തിക വർഷം ലഭിക്കുന്ന ബോണസ്/ഫെസ്റ്റിവൽ അലവൻസ് എന്നിവ നേർ പകുതി വീതം രണ്ട് വർഷത്തേയും വരുമാനമായി കണക്കാക്കാവുന്നതുമാണ്. എന്നാൽ പല സ്ഥാപനങ്ങളും സറണ്ടർ, ഫെസ്റ്റിവൽ അലവൻസ് എന്നിവ വരുമാനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.

ഉദാ:

1.എസ്.എൻ.എം. ഗവ.ബോയ്സ് ഹയർ സെക്കന്ററി സ്കൂൾ, I-ാം അർദ്ധവർഷം

2.കേരള വാട്ടർ അതോറിറ്റി പി.എച്ച്. സബ് ഡിവിഷൻ, II-ാം അർദ്ധവർഷം

3.Indus Ind Bank

4.ICDS ഓഫീസ്, കഞ്ഞിക്കുഴി

ഡി) 2014-15 വർഷം തൊഴിൽ നികുതി ഈടാക്കിയതും 2015-16 വർഷം പ്രവർത്തിക്കുന്നതുമായ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2015-16 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2014-15 വർഷം ഈടാക്കിയ നികുതി | രസീത് നം./തീയതി |
|---|---|---|---|
| 1. | ഷൈമാസ് ഹോണ്ട | I-ാം അർദ്ധവർഷം - 1260/- | 8927/30.09.14 |
| 2. | അമ്മ സെന്റർ ഫോർ ഡയഗ്നോസിസ് | I-ാം അർദ്ധവർഷം -600/- | 8729/26.09.16 |
| 3. | ശങ്കേഴ്സ് ലാബ്, X Ray & ECG | II-ാം അർദ്ധവർഷം -2400/- | 11403117462/24.02.15 |
| 4. | മൈക്രോ ഫിനാൻസ് ഇൻവെസ്റ്റ് മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | II-ാം അർദ്ധവർഷം -4200/- | 11403118739/03.03.15 |
| 5. | അപ്പായീസ് ഫുട്ട് പാലസ് | I-ാം അർദ്ധവർഷം -720/- | 9438/10.10.14 |
| 6. | ചേന്നോത്ത് ഹാർഡ് വെയർ & ടൂൾസ് | II-ാം അർദ്ധവർഷം -2700/- | 20450/29.03.15 |
| 7. | SB കോളേജ് | I-ാം അർദ്ധവർഷം -660/- | 08021/11.09.14 |
| 8. | അൾട്ര സ്കാൻ | I-ാം അർദ്ധവർഷം -660/- | 16860/20.02.15 |
| 9. | അമേരിക്കൻ അക്കാഡമി | II-ാം അർദ്ധവർഷം -1380 | 17416/24.02.15 |
| 10 | ബജാജ് സ്കൂട്ടർ/പൊഴിക്കൽ കാർ വേൾഡ് | I-ാം അർദ്ധവർഷം -2550<br>II-ാം അർദ്ധവർഷം -1950 | 1248/25.11.14<br>18242/27.02.15 |

ഇ) 2015-16 രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാംഅർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | രണ്ടാം അർദ്ധവർഷം ഈടാക്കിയ തൊഴിൽ നികുതി | രസീത് നം./തീയതി |
|---|---|---|---|
| 1. | കെ.വി.എം ഹോസ്പിറ്റൽ, ചേർത്തല | 97360 | 17102/29.02.16 |
| 2. | പൊഴിക്കൽ ഓട്ടോമൊബൈൽസ് | 1350 | 15905/23.02.16 |
| 3. | ഹോട്ടൽ കാർത്ത്യായനി | 4350 | 14952/12.02.16 |
| 4. | വിനൂസ് പാർക്ക് | 1890 | 14953/12.02.16 |

ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

എഫ്) നഗരസഭയുടെ പരിധിയിൽ പ്രവർത്തിക്കുന്ന പല പ്രമുഖ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കരിയിൽ മെഡിക്കൽസ്, ലളിത മെഡിക്കൽസ്, ഫ്രീഡ മെഡിക്കൽസ്, ചേർത്തല താലൂക്ക് ആശുപത്രിക്ക് മുൻവശത്തുള്ള മെഡിക്കൽ ഷോപ്പുകൾ മുതലായവയിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. അതുപോലെ വെള്ളേത്തറ ഇലക്ട്രോണിക്സ്, ഫോർ ബ്രദേഴ്സ്, വടക്കേക്കരി ഫർണിഷിംഗ്സ്, ആനന്ദ് ലേഡീസ് സ്റ്റോർ, മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. നിറക്കൂട്ട്, ചിക്കൂസ്, ഐശ്വര്യ ടെക്സ്റ്റൈൽസ്, ഡി ദാമോദര പൈ ആന്റ് സൺസ് എന്നിവയിൽ നിന്നൊന്നും തന്നെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ജി)2005-ലെ കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2)ൽ ഉൾപ്പെടുന്ന നഗരസഭാ പരിധിയിലുള്ള കരാറുകാർ, അഭിഭാഷകർ എന്നിവരിൽ നിന്നും പരമാവധി 1250രൂപ വരെ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും 4 അഭിഭാഷകരിൽ നിന്നും 3 കരാറുകാരിൽ നിന്നും മാത്രമാണ് നികുതി ഈടാക്കിയിട്ടുള്ളത്. നഗരസഭാ പരിധിയിലുള്ള എല്ലാ കരാറുകാരിൽ നിന്നും, അഭിഭാഷകരിൽ നിന്നും തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

നഗരസഭാ പരിധിക്കുള്ളിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് അടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കുന്നതിനും തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 ഡി & ഒ ലൈസൻസ് ഫീഈടാക്കുന്നില്ല

എ)താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് 2015-16 സാമ്പത്തികവർഷത്തേക്കുള്ള ഡി & ഒ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | കെട്ടിട നം | സ്ഥാപനങ്ങളുടെ ഉടമകളുടെ പേരും വിലാസവും | ഡിമാന്റ് ചെയ്ത തുക |
|---|---|---|---|
| 1 | 1/269 | സുകുമാരൻ ,ചെറുകരയിൽ,കൊക്കോതമംഗലം | 100/- |
| 2 | 1/271 | ബൈജു,അറയ്ക്കൽ,വേളോർവട്ടം | 500/- |
| 3 | 2/86 B | സി.പി.ജീവൻ,ചക്കംചിറ,വേളോർവട്ടം | 150/- |
| 4 | 2/257 | കെ.റ്റി.സന്തോഷ്,പത്മാനിവാസ്,സി.എം.സി 16 | 100/- |
| 5 | 2/289 | മുകുന്ദൻ.എം.കെ.,മധുനിവാസ്,പള്ളുരുത്തി,കൊച്ചി | 100/- |
| 6 | 2/337 | പി.കെ.തങ്കപ്പൻ,വൃന്ദാവനം,കളവംകോടം | 175/- |
| 7 | 3/5 | മനോജ് മാത്യു,കടവിൽ,കൊക്കോതമംഗലം | 350/- |
| 8 | 3/58 | പത്മനാഭകമ്മത്ത്,ഇല്ലിക്കൽ,ചേർത്തല | 100/- |
| 9 | 3/111,112 | ഷീജ.ഇ.കെ,എടമന ഹൗസ്,വടവാതൂർ,കോട്ടയം | 950/- |
| 10 | 3/118 | കെ.എൻ.ശശികുമാർ,കൊച്ചുകരയിൽ, കൊക്കോതമംഗലം | 750/- |
| 11 | 3/153 | ടോമിച്ചൻ,താന്നിക്കാട്ടിൽ,വാരനാട് | 100/- |
| 12 | 3/269 - 272 | മാനേജർ,സപ്ലൈകോ | 550/- |
| 13 | 3/298 | സാജു,മാടവന,ചേർത്തല | 75/- |
| 14 | 3/305,306 | വിനോദ്കുമാർ,മഴുവക്കാട്ട്,സി.എം.സി.23 | 450/- |
| 15 | 3/321 | വിമലഭായി,വിമലസ്റ്റോഴസ്,ചേർത്തല | 350/- |
| 16 | 3/454 | അന്നമ്മ വർഗ്ഗീസ്,കോളുതറ നടക്കൽ,വൈക്കം | 225/- |
| 17 | 3/471 A | സുനി,വി,എസ്, കോട്ടകുഴി നികർത്തിൽ,തൈക്കാട്ടുശ്ശേരി | 500/- |
| 18 | 3/511 | മുരളീധരൻ,ടാറ്റ ടെലി സർവീസ്,പാലാരിവട്ടം | 500/- |
| 19 | 3/642 | ടി.ഇ.അഷറഫ്,തെക്കേപറമ്പിൽ,പവർഹൗസ് | 100/- |
| 20 | 4/400 M | പോൾ.പി.റ്റി,,മധുരത്തിൽ,പാണാവള്ളി | 500/- |
| 21 | 4/410 A-H | സപ്ലൈകോ,സൂപ്പർമാർക്കറ്റ് | 335/- |
| 22 | 4/412 | കെ.വി.ശശിധരൻ,പറമ്പിൽ,മായിത്തറ | 200/- |
| 23 | 4/410 k | സുധീർഘോഷ്,ഭാരിത്തറ,എഴുപ്പുന്ന | 850/- |
| 24 | 4/471 A | സണ്ണി,കറ്റക്കുഴ നികർത്തിൽ,തൈക്കാട്ടുശ്ശേരി | 500/- |
| 25 | 4/672 | പ്രസന്നൻ,ശ്രീവത്സം,സി.എം.സി.14 | 250/- |
| 26 | 4/682 | ജി.ശിവരാമപിള്ള,കണ്ണാട്ടുവെളി,ചക്കരകുളം | 250/- |
| 27 | 4/708 C | ലൂസി മാർട്ടിൻ,ചങ്ങംത്തറയിൽ | |
| 28 | Room No.14 | പടയണിപാലം ഷോപ്പിംഗ് കോംപ്ലക്സ്, (പി.ജി.മോഹനൻ,പുതുവീട്,കളവംകോടം) | |

| | | | |
|---|---|---|---|
| 29 | Room No.5 | സുവർണ്ണജൂബിലി ഷോപ്പിംഗ് കോംപ്ലക്സ് (കെ.ബാബു,ഗ്രാന്റ് വില്ല,വൈക്കം) | 500/- |
| 30 | 5/92 | സുനിൽ ചന്ദ്രദത്ത്,പഴക്കാചിറ,വാരനാട് | 500/- |
| 31 | 5/115 D | വി,വി,ജോൺ,വേലിക്കകത്ത്,മണപ്പുറം | 250/- |
| 32 | 5/118 E | ആശാമോൾ,തെക്കേചിറയിൽ,വാരണം | 250/- |
| 33 | 6/82 | ശിവശങ്കരപണിക്കർ,വലിയപറമ്പിൽ,പള്ളിപ്പുറം | 250/- |
| 34 | 6/82 | രമ.ബി,വടക്കേടത്ത്,സി.എം.സി 11 | 150/- |
| 35 | 6/147AB | സിമ്,വന്തലത്തുകരയിൽ,ചേർത്തല | 500/- |
| 36 | 6/147 J | ലേറൻസ്,കാട്ടപ്പള്ളി,അർത്തുങ്കൽ | 500/- |
| 37 | 6/147 O | ജിസ്മോൻ,ചേന്നപ്പള്ളി,പള്ളിപ്പുറം | 150/- |
| 38 | 6/147 S | അരുൺ.എം.ആർ,വലിയകത്ത്,വാരണം | 750/- |
| 39 | 6/238 A | ബാലസുബ്രമണ്യം,നെക്സ്റ്റ് റീട്ടെൽ ഇന്ത്യാ | 1000/- |
| 40 | 6/238 A | കെ.പി.വാസുദേവമല്ലൻ,കുണ്ടേലാറ്റ്,S.L.പുരം | 500/- |
| 41 | 6/116 | സി.കെ.ബാഹുലേയൻ,ചിറയിൽ | 100/- |
| 42 | 6/190 | പി.എം.പ്രദീപ്,പുതുവൽനികർത്ത് | 5250/- |
| 43 | 7/252 | രാജൻ.എം.ബൈജു നിലയം,വാരനാട് | 100/- |
| 44 | 10/8B | സൂര്യ.പി.പി,പടിഞ്ഞാറിൻകര,സി.എം.സി 9 | 250/- |
| 45 | 10/258 B | വിനോദ്,നെട്ടുംചിറയിൽ,സി.എം.സി.9 | 250/- |
| 46 | 11/138,139 | സുദർശനൻ,പറമ്പുനെല്ലിക്കത്ത്,ചാരമംഗലം | 325/- |
| 47 | 14/163 B | അജയകമാർ,തായപ്പള്ളിവെളി,സി.എം.സി 16 | 600/- |
| 48 | 15/73 D | ആദർശ്.ആർ,നിത്യ,S.L.പുരം | 500/- |
| 49 | 15/124 | കെ.ബി.ദിനേശൻ,കറുകയിൽ,സി.എം.സി.17 | 150/- |
| 50 | 15/181 C | മന.എം.വി.ഗോകുലം,ചെറുവാരണം | 1000/- |
| 51 | 15/184 | A.K.സതീഷ്,ശാരദ നിവാസ്,പുത്തലത്ത് റോഡ്,കൊച്ചി | 1650/- |
| 52 | 15/13F | അനിൽകുമാർ,ഗോകുലം,മരുത്തോർവട്ടം | 550/- |
| 53 | 24/36 E,F | അജീഷ്.ജി,കളപ്പുരയ്ക്കൽ,വെട്ടക്കൽ | 2350/- |
| 54 | 24/154 | ആശ.പി.എസ്.വെളിപറമ്പിൽ,സി.എം.സി.24 | |
| 55 | 24/284A | രജീഷ്കുമാർ,ചെറുശ്ശേരിയിൽ വീട്,പറവൂർ | 300/- |
| 56 | 25/344 M | ജയശങ്കർ മേനോൻ,കാർത്തിക,കുറുപ്പംകുളങ്ങര | 350/- |
| 57 | 26/184 | തങ്കമ്മസെബാസ്റ്റ്യൻ,മനോരമ ജംഗ്ഷൻ,ചേർത്തല | |
| 58 | 26/202 | കെ.ജി.കരുണാകരൻ,കോട്ടൂർ വീട്, സി.എം.സി.26 | 225/- |
| 59 | 26/291B | വർഗ്ഗീസ് ജോൺ,ആറക്കേപറമ്പ് വെളി | 250/- |
| 60 | 23/Room.No.15 | M.M.Complex സൂര്യാമോൾ, കുതിരചിറയിൽ | 350/- |
| 61 | 23/44 | പി.ജെ.തോമസ്,പള്ളിക്കര | 250/- |
| 62 | 23/127 A | പ്രസന്നകുമാർ,കോന്നോത്ത് ഹൗസ്, സി.എം.സി 19 | 325/- |

| | | | |
|---|---|---|---|
| 63 | 23/183 B | എം.ജെ.ജോസഫ്,വട്ടപറമ്പിൽ,സി.എം.സി.23 | 350/- |
| 64 | 23/232-237 | മാനേജർ,ലാഭം മാർക്കറ്റ് | 180/- |
| 65 | 23/277 C | സഞ്ചയൻ,സത്യാലയം,വാരനാട് | 250/- |
| 66 | 23/364 | സുധാകരറാവു,ഗണേഷ് ഭവൻ,സി.എം.സി.31 | 250/- |
| 67 | 23/425 | രജ്ഞിനി.ആർ.ഷേണായി,വെളിപറമ്പിൽ | 125/- |
| 68 | 23/477B | മധുസൂദനൻ നായർ,മധുഗീതം,പന്തളം | 500/- |
| 69 | 23/501 | മനുഭട്ട്,ചെറുകര മംഗളം,ചേർത്തല | 200/- |
| 70 | 23/833 A | ആശ തോമസ്,കൊച്ചുപറമ്പിൽ,സി.എം.സി.30 | 250/- |
| 71 | 23/838K | രോഷിത.പി.നായ്ക്ക്,മേടയിൽ,സി.എം.സി.19 | 300/- |
| 72 | 23/916 A | എം.ഒ.ജോണി,വിനിൽ വില്ല,സി.എം.സി 32 | 1000/- |
| 73 | Taxi Stand Room 2 | സതീശൻ.കെ.കെ,കുപ്പകാട്,വാരനാട് | 250/- |
| 74 | Room 3 | സജിത്ത്കുമാർ,പുത്തൻതറയിൽ,കളവംകോടം | 250/- |
| 75 | ഗാന്ധി ബസാർ റൂം നം.15 | സുശീല,കൊച്ചുപറമ്പിൽ,വയലാർ | 250/- |
| 76 | റൂ.നം.19 | വി.എൻ.ബേബി,ഹരിഗീതം,കുറുപ്പൻകുളങ്ങര | 250/- |
| 77 | റൂ.നം.30 | വി.ഡി.സോമൻ,പുതുവൽനികർത്ത്,വയലാർ | 600/- |
| 78 | റൂ.നം.32 | രതി.എ.ഷേണായി,കളരിക്കൽ,സി.എം.സി 23 | 250/- |
| 79 | റൂ.നം.33 | ഗുരുദാസ്,കളരിക്കൽ,സി.എം.സി 23 | 175/- |
| 80 | റൂ.നം.46 | കാർത്തികേയൻ,നെടുംപത്തിൽ,വയലാർ | 250/- |
| 81 | റൂ.നം.47 | ശിവദാസൻ,പതിയശ്ശേരിൽ,ചെറായി | 250 |

ബി)നഗരസഭയിലെ മുഴുവൻ സ്ഥാപനങ്ങളെയുൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡ്ഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഡി&ഒ ലൈസൻസിന് അപേക്ഷ സമർപ്പിക്കുന്നവരെ വാർഡ് തിരിച്ച് എഴുതിയ രജിസ്റ്ററാണ് ഇപ്പോൾ ഉള്ളത്. ആയത് ശരിയായ പ്രവണതയല്ല. വുഡ് ലാന്റസ് ലോഡ്ജ്, സിറ്റി ലോഡ്ജ്, വിമല ലോഡ്ജ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് 2015-16 കാലയളവിൽ ലൈസൻസ് ഫീ പിരിച്ചെടുത്തിട്ടില്ല. എസ്.എസ് കലാമന്ദിർ, വേളോർവട്ടം മഹാദേവക്ഷേത്രം കല്യാണമണ്ഡപം, വി.ആർ.വി.എം.കല്യാണമണ്ഡപം, മുട്ടം ഫെറാനോ ചർച്ചിന്റെ കല്യാണമണ്ഡപം എന്നീ വിവാഹാവശ്യങ്ങൾക്ക് വേണ്ടി നൽകുന്ന ഓഡിറ്റോറിയങ്ങളിൽ നിന്ന് ബൈലോ പ്രകാരം പ്രതിവർഷം 6000/-രൂപ പിരിക്കേണ്ടതാണ്. ആയത് തൻവർഷം പിരിച്ചതായി കാണുന്നില്ല. പഞ്ഞിക്കാരൻ സോ മിൽ, ദുർഗ്ഗ സോ മിൽ, കോയിക്കര സോ മിൽ, ദിനേശ് സോ മിൽ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ബൈലോ പ്രകാരം പ്രതിവർഷം 1000/-രൂപ വീതം ഡി & ഒ ലൈസൻസ് പിരിക്കേണ്ടതാണ്. ആയത് തൻവർഷം പിരിച്ചതായി കാണുന്നില്ല. രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീനിവാസ ട്രേഡ്ഴ്സ് എന്ന സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ചതിനാൽ ലൈസൻസ് ഫീ പിരിച്ചിട്ടില്ലാത്തതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ശ്രീനിവാസ ട്രേഡേഴ്സ് എന്ന സ്ഥാപനം വേളോർട്ടത്തിന് സമീപം പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്. മേൽ പറഞ്ഞ വിഷയങ്ങളിൽ വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക സഹിതം ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

സി)പാരമെഡിക്കൽ സ്ഥാപനങ്ങളും സ്വകാര്യാശുപത്രികളും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണുന്നു. സ്വകാര്യാശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളേയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുവാൻ അനുവദിച്ചതിന്റെ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരുകൾ |
|---|---|

| | |
|---|---|
| 1 | കെ.വി.എം. ആശുപത്രി,ചേർത്തല |
| 2 | കെ.വി.എം. സ്കാനിംഗ് സെന്റർ |
| 3 | കെ.വി.എം. നേഴ്സിംഗ് സ്കൂൾ |
| 4 | കെ.വി.എം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരമെഡിക്കൽ സയൻസ് |
| 5 | ശ്രീനാരായണ മെഡിക്കൽ മിഷൻ നേഴ്സിംഗ് സ്കൂൾ |
| 6 | തേജസ് ദന്തൽ ക്ലിനിക്ക് |
| 7 | തൈക്കാട്ട് മൂസ് വൈദ്യരത്നം ഔഷധശാല |
| 8 | ചേന്നോത്ത് ദന്തൽ ക്ലിനിക്ക് |
| 9 | ജനകീയ ദന്താശുപത്രി |
| 10 | മാതാ ക്ലിനിക്ക് & ലാബ് |
| 11 | മെട്രോപോളീസ് എക്സ് റേ & ലാബ് |
| 12 | വി-കെയർ ലാബ് |

ഈ സ്ഥാപനങ്ങളെ കൊണ്ട് പാരമെഡിക്കൽ ലൈസൻസ് എടുപ്പിക്കുകയും ലൈസൻസ് ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്.

ഡി) ഡി & ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1) 1998-ലെ ബൈലോ പ്രകാരം മുനിസിപ്പൽ പ്രദേശത്ത് സ്വർണ്ണം വിൽപ്പനയ്ക്കായി ശേഖരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അവയുടെ ക്ലാസിഫിക്കേഷൻ അനുസരിച്ച് 1000/-, 500/-, 250/- എന്നീ നിരക്കിൽ ഡി & ഓ ലൈസൻസ് ഫീസ് പ്രതിവർഷം ഈടാക്കേണ്ടതാണ്. താഴെ പറയുന്ന ജൂവലറികൾ ഡി & ഓ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പാലത്ര ഫാഷൻ ജൂവലറി |
| 2 | രാജധാനി ജൂവലറി |
| 3 | കാർത്തിക ജൂവലറി |
| 4 | പാഞ്ചാലി ജൂവലറി |
| 5 | ശ്രീകൃഷ്ണ ജൂവലറി |
| 6 | സീന ഫാഷൻ ജൂവലറി |
| 7 | നിറക്കൂട്ട് ഫാഷൻ ജൂവലറി |
| 8 | കുന്നത്ത് ഫാഷൻ ജൂവലറി |
| 9 | പവിത്ര ജൂവലറി |
| 10 | നടക്കാവിൽ ഫാഷൻ ജൂവലറി |
| 11 | ശ്രീ ബാലാജി ജൂവലറി |
| 12 | ഐശ്വര്യ ജൂവലറി |

2)പെട്രോളിയം ഉല്പന്നങ്ങൾ സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് ബൈലോ പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പ്രതിവർഷം 750/-രൂപ വീതം ഈടാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കേണ്ട തുക |
|---|---|---|

| | | |
|---|---|---|
| 1 | ജയശങ്കർ,റിയലയൻസ് ഫ്യൂവൽസ് | 750/- |
| 2 | മഴവക്കാട്ട് ഫ്യൂവൽസ്, ബി.പി.സി.എൽ | 750/- |
| 3 | ജോമി ചെറിയാൻ, ബി.പി.സി.എൽ | 750/- |
| | ആകെ | 2250/- |

3)കള്ള് സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് ബൈലോ പ്രകാരം പ്രതിവർഷം 1500/-രൂപ വീതം മുനിസിപ്പൽ പ്രദേശത്ത് ഈടാക്കേണ്ടതാണ്. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ആയത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | ഷാപ്പുടമയുടെ പേരും നമ്പരും | ഈടാക്കേണ്ട തുക |
|---|---|---|
| 1 | സി.എസ്. നിഷാന്ത്,റ്റി.എസ്സ് നം.12 | 1500 |
| 2 | പ്രദീപ്, റ്റി.എസ്സ് നം.85 | 1500 |
| 3 | നിഷാന്ത് ചാരങ്ങാട്ട് ബംഗ്ലാവ്,റ്റി.എസ്സ് നം.18 | 1500 |
| 4 | രാജേന്ദ്രൻ,റ്റി.എസ്സ് നം.30 | 1500 |
| 5 | മുരളി,റ്റി.എസ്സ് നം.40 | 1500 |
| 6 | പി.ഡി.സാജൻ,റ്റി.എസ്സ് നം. 48 | 1500 |
| 7 | മാനേജർ,കെ.എസ്. ബി. സി | 1500 |
| 8 | പ്രൊപ്രൈറ്റർ, റ്റി.എസ്സ് നം. 59 | 1500 |
| | ആകെ | 12000 |

മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ നഗരസഭാ പരിധിയിൽ പ്രവർത്തിച്ചിരുന്നത് ആരോഗ്യവിഭാഗത്തിന്റെ അനാസ്ഥയാണ് ചൂണ്ടിക്കാട്ടുന്നത്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുകയും നഗരസഭയ്ക്ക് ലഭിക്കേണ്ട വരവുകൾ പൂർണ്ണമായും പിരിച്ചെടുക്കുകയും ചെയ്യാത്ത പക്ഷം അതാത് കാലയളവിലെ ഹെൽത്ത് സൂപ്പർവൈസറുടെ ബാധ്യതയായി നിർണ്ണയിച്ച് തുക ഈടാക്കേണ്ടതാണ്.

## 2-4 ലേലം പിരിവിൽ ഗുരുതരമായ വീഴ്ച

1. ലേല നടപടികളിലെ അപാകത

രജിസ്റ്റർ അപര്യാപ്തം.

ലേലവുമായി ബന്ധപ്പെട്ട് നഗരസഭ സൂക്ഷിക്കുന്ന രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകളില്ല. മുൻവർഷത്തെ ഇനങ്ങൾ തന്നെ അടുത്ത വർഷത്തെ ഇനങ്ങളാക്കി എഴുതുകയാണ് ചെയ്യുന്നത്. പുതിയ ഇനങ്ങൾ ചേർക്കുകയോ ഒഴിവാക്കേണ്ട എന്തെങ്കിലും ഉണ്ടെങ്കിൽ ഒഴിവാക്കുകയോ ചെയ്യുന്നില്ല. ഓരോ വർഷത്തേയും DCB തയ്യാറാക്കുന്നില്ല.

2) കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ എടുത്ത നടപടികൾ വ്യക്തമല്ല.

ലേല തുക കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ എടുത്ത നടപടികൾ ഫയലിലോ രജിസ്റ്ററിലോ വ്യക്തമല്ല.

a) മുനിസിപ്പൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ്

മുനിസിപ്പൽ ബസ് സ്റ്റാന്റ് ഫീസ് പിരിവ് 2014/15 വർഷം 802000 രൂപയ്ക്ക് വർഷം 10% വർദ്ധനവോടെ 3 വർഷത്തേക്ക് ശ്രീ.ഷിമ്മി നിവർത്തിൽ എന്നയാൾക്ക് ഉറപ്പിച്ചു നൽകിയിരുന്നു. ഇദ്ദേഹം 3-4-2014 ൽ ഒരു ലക്ഷം രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. ബാക്കി തുക ഒടുക്കാതെ കരാർ ലംഘനം നടത്തിയതിന് ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു.ചേർത്തല മുനിസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതായി മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.കേസ് സംബന്ധിച്ച് രേഖകൾ പരിശോധ നയ്ക്കായി ഹാജരാക്കിയില്ല. തുടർന്ന് 13-5-15 ൽ ടി യാൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ഈ ദിവസം മുതൽ നഗരസഭ നേരിട്ട് പിരിവ് നടത്തുകയും ചെയ്തു.ഫലത്തിൽ 1.4.2014 മുതൽ 12.5.15 വരെ ഷിമ്മി ഒരു ലക്ഷം രൂപ അടച്ച് ബസ് സ്റ്റാന്റ് ഫീസ് പിരിവ് നടത്തിയതായാണ് കാണുന്നത്. തുടർന്ന് 5.6.15 മുതൽ ശ്രീ. ഉണ്ണികൃഷ്ണൻ കൃഷ്ണവിഹാറിന് 72,7000 രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകി. ഇദ്ദേഹം നാളിതുവരെ അടച്ചത് 460865 രൂപ മാത്രമാണ്. ബാക്കി 2,66,135 രൂപ ഈടാക്കുവാനായി എടുത്ത നടപടികൾ എന്തെന്ന് നഗരസഭ അറിയിച്ചിട്ടില്ല.

b)മുൻസിപ്പൽ മാർക്കറ്റ് ഫീസ് പിരിവ്

2014-15 വർഷം മുൻസിപ്പൽ മാർക്കറ്റ് ഫീസ് പിരിവ് ലേലത്തിൽ പിടിച്ച ഷിമ്മി 433000 രൂപയ്ക്ക് ലേലം കൊള്ളുകയും 144393 രൂപ 10.3.2014 ൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി ഈടാക്കാനുള്ള നടപടികൾ സംബന്ധിച്ച രേഖകൾ ഹാജരാക്കിയില്ല.

c)ആശുപത്രി കംഫർട്ട് സ്റ്റേഷൻ

ആശുപത്രി കംഫർട്ട് സ്റ്റേഷൻ 126000 രൂപയ്ക്ക് ലേലം കൊണ്ട ശ്രീ ബേബി ടി എസ് 42500 രൂപ മാത്രമാണ് അടച്ചിട്ടുള്ളത്. ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലേലം ഉറപ്പിച്ച് നൽകുന്നതിന് മുമ്പ് ആവശ്യമായ എല്ലാ രേഖകളും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും കുടിശ്ശിക വരുത്തിയിട്ടുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുമാണ്. ഈയിനത്തിൽ നഗരസഭയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതാണ്.

## 2-5 നഗരസഭ കെട്ടിടങ്ങളുടെ വാടക പിരിക്കുന്നതിൽ ഗുരുതരമായ വീഴ്ച

കടമുറികൾ, ബങ്കുകൾ, വഴിയോര കച്ചവടത്തിനായി നിർമ്മിച്ച ഷെഡ്ഡുകൾ തുടങ്ങിയവ ഉൾപ്പെടെ 31ഇനം കെട്ടിട സമുച്ചയങ്ങൾ ആണ് നഗരസഭ വാടകയ്ക്ക് നൽകുന്നത്. രജിസ്റ്റർ പ്രകാരം 382കടമുറികളും 103ബങ്കുകളും11വഴിയോര കച്ചവടത്തിനായി നിർമ്മിച്ച ഷെഡ്ഡുകളും ഉണ്ടെന്ന് കാണുന്നു. നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വാടക വരവിന്റെ കാര്യത്തിൽ അത്യന്തം ലാഘവത്തോടെയാണ് നഗരസഭ നടപടികൾ സ്വീകരിക്കുന്നത്. തൻമൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നു. പ്രധാന പോരായ്മകൾ താഴെ വിവരിക്കുന്നു.

a) 2014/15 വർഷത്തെ വാടക തന്നെയാണ് 2015/16 വർഷവും ഈടാക്കുന്നത്.

25-4-16 ൽ ചേർന്ന കൌൺസിലിന്റെ 4 -മത് നിശ്ചയപ്രകാരം 1-4-2014 മുതൽ മുൻകാല പ്രാബല്യത്തോടെ വാടക പുതുക്കുവാൻ നിശ്ചയിച്ചിരുന്നെങ്കിലും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. തൻമൂലം 2014/15, 2015/16 വർഷങ്ങളിലെ വാടക വർദ്ധനവിലൂടെ ലഭിക്കേണ്ടിയിരുന്ന അധിക വരുമാനം നഗരസഭ നഷ്ടപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

b) വാടക കെട്ടിടങ്ങളെ സംബന്ധിച്ച് വ്യക്തമായ കണക്ക് സൂക്ഷിക്കുന്നില്ല.

രജിസ്റ്റർ പ്രകാരം 31ഇനം കെട്ടിട സമുച്ചയങ്ങൾ ആണ് നഗരസഭ വാടകയ്ക്ക് നൽകുന്നത്. ഇതിൽ ഓരോന്നിലും എത്ര കടമുറികൾ ഉണ്ടെന്നോ, ഇനിയും വാടകയ്ക്ക് കൊടുക്കാത്ത എത്ര കടമുറികൾ ഉണ്ടെന്നോ, രജിസ്റ്ററിൽ വ്യക്തമല്ല. ഓരോ കെട്ടിടത്തിലും വാടക അടക്കുന്നവരുടെ പേര് ചേർക്കുന്നതല്ലാതെ മുറികളുടെ നമ്പർ ചേർക്കുന്നില്ല. രജിസ്റ്റർ പ്രകാരം കോര്യംപള്ളി മിനി മാർക്കറ്റിൽ ശ്രീ.കാർത്തികേയൻ എന്നയാൾ മാത്രമാണ് വാടകക്കാരനായി ഉള്ളത്. ഇദ്ദേഹം 9/2013 വരെ മാത്രമാണ് വാടക അടച്ചിട്ടുള്ളത്. മറ്റ് മുറികൾ എത്രയെണ്ണം, വാടകയ്ക്ക് കൊടുക്കാത്തതിന്റെ കാരണം തുടങ്ങിയവ രജിസ്റ്ററിൽ കാണിച്ചിട്ടില്ല.

c) വാടക സംബന്ധിച്ച് DCB തയ്യാറാക്കുന്നില്ല

നഗരസഭയുടെ പ്രധാന വരുമാന മാർഗ്ഗമായ വാടക സംബന്ധിച്ച് എത്ര രൂപ ലഭിക്കാനുണ്ടെന്നോ, എത്ര രൂപ പിരിഞ്ഞു കിട്ടിയെന്നോ ഉള്ള കണക്ക് തയ്യാറാക്കിയിട്ടില്ല. തൻമൂലം വർഷങ്ങളായി പിരിഞ്ഞുകിട്ടാനുള്ള സംഖ്യകൾ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

d) യഥാസമയം വാടക അടക്കാത്തതിന് നഗരസഭ നടപടി സ്വീകരിക്കുന്നില്ല.

രജിസ്റ്റർ പ്രകാരം 26 കടമുറികളുടെ വാടക കുടിശ്ശിക ഒരു വർഷത്തിനു മുകളിലാണെന്നു കാണുന്നു. കരാർ പ്രകാരം എല്ലാ മാസവും 5-ം തീയതിക്കു മുൻപ് വാടക അടയ്ക്കണം എന്നുണ്ടെങ്കിലും കുടിശ്ശിക ഒരു വർഷത്തിനു മുകളിലായിട്ടും ഇവർക്കെതിരെ നഗരസഭ നടപടി സ്വീകരിക്കാത്തത് നഗരസഭയുടെ വീഴ്ചയായി കാണുന്നു.

e) കുടിശ്ശിക പിരിച്ചെടുക്കുമ്പോൾ വ്യക്തതയില്ലാതെയാണ് രജിസ്റ്ററിൽ ചേർക്കുന്നത്

വാടക കുടിശ്ശിക വരുത്തിയിട്ടുള്ളവർ കുടിശ്ശിക അടക്കുമ്പോൾ എന്നുമുതൽ എന്നുവരെയുള്ള വാടകയാണ് അടച്ചിട്ടുള്ളതെന്നും പിഴപലിശ,സർവ്വീസ് ടാക്സ് ഇവ എത്രയെന്നും മറ്റുമുള്ള വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുന്നില്ല. രസീത് നമ്പർ മാത്രമാണ് ചേർക്കുന്നത്. ഈ രസീതുപ്രകാരം കൃത്യമായ വാടക കുടിശ്ശികയാണ് വന്നിട്ടുള്ളതെന്ന് മേലുദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പുവരുത്തുന്നില്ല.

f) രജിസ്റ്റർ പ്രകാരം 7 കടമുറികൾ വാടകയ്ക്ക് കൊടുത്തിട്ടില്ലാത്തതായി കാണുന്നു.

സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ നഗരസഭ വാടകയിനത്തിൽ പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

g)ബങ്കുകളുടെ വാടക വർഷങ്ങളായി കുടിശ്ശിക

വാടക രജിസ്റ്റർ പ്രകാരം 103ബങ്കുകളാണ് നഗരസഭ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇതിൽ 86ബങ്കുകളുടെ വാടക 2014മുതൽ കുടിശ്ശികയാണ്. 25-7-13 ലെ കൗൺസിൽ തീരുമാനം 3 പ്രകാരം 15-3-13 ലെ കൗൺസിൽ തീരുമാനം 1 നിലനിർത്തിക്കൊണ്ട് ബങ്കുകളുടെ വിസ്തൃതി 150 ചതുരശ്ര അടിക്ക് മുകളിലുള്ള ഭാഗം പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് എഞ്ചിനിയറിംഗ് വിഭാഗത്തേയും ആയത് ലേലം ചെയ്യുന്നതിന് റവന്യൂ വിഭാഗത്തേയും സെക്രട്ടറിയേയും ചുമതലപ്പെടുത്തിയിരുന്നു. ലേലത്തിൽ നിലവിലുള്ള ലൈസൻസികൾക്ക് മുൻഗണന നൽകുന്നതിനും നിലവിലുള്ള വാടകയിൽ കുറയാതെ വാടക പുതുക്കി നിശ്ചയിക്കുന്നതിനും തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച് യാതൊരു നടപടിയും എടുത്തതായി കാണുന്നില്ല. മാത്രമല്ല 150രൂപ മുതൽ 600രൂപ വരെ മാസ വാടകയുണ്ടായിരുന്ന ബങ്കുകളുടെ വാടക1500 രൂപ മുതൽ 2000രൂപ വരെ വർദ്ധിപ്പിച്ചതായും കാണുന്നു. ഈ നടപടിക്കു ശേഷം 86 ബങ്കുകൾ 2015 മുതൽ വാടക അടക്കുന്നില്ല. ഇതേ തുടർന്ന് ബങ്കുകൾ വാടകയ്ക്ക് എടുത്തിട്ടുള്ളവരുമായി പല കൂടിയാലോചനകൾ നടത്തുകയും 20-4-16 ൽ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വാടക പലിശ ഉൾപ്പെടെ അടക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടെന്നാണ് നഗരസഭ അറിയിച്ചിട്ടുള്ളത്. എന്നാൽ വാടക പിരിച്ചെടുക്കുന്ന കാര്യത്തിൽ യാതൊരു പുരോഗതിയും നാളിതുവരെ ഉണ്ടായിട്ടില്ല. ആയതിനാൽ നഗരസഭ ഗൗരവമായി ഈ വിഷയം ചർച്ച ചെയ്യേണ്ടതും വാടക നിർണ്ണയിക്കൽ, പിരിച്ചെടുക്കൽ എന്നിവയിൽ പോരായ്മകൾ വന്നിട്ടുണ്ടെങ്കിൽ ആയതു പരിഹരിച്ച് വാടക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വാകരിക്കേണ്ടതാണ്.

h) വഴിയോര കച്ചവടക്കാരുടെ പുനരധിവാസം--നിർമ്മിച്ച ഷെഡ്ഡുകൾ വാടക അടക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു.

വഴിയോര കച്ചവടക്കാരുടെ പുനരധിവാസത്തിനായി എ.സി. കനാലിനു കിഴക്കുവശം നിർമ്മിച്ച ഷെഡ്ഡുകൾ വാടക അടക്കാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. രജിസ്റ്റർ പ്രകാരം ഷെഡ്ഡുകൾ 1 മുതൽ 10 വരെയും തുടർന്ന് 15 ഉം ആണ് വാടകയ്ക്ക് നൽകിയിട്ടുള്ളത്. ഇതിനുള്ളിൽ 11മുതൽ 14 വരെയുള്ള ഷെഡ്ഡുകൾ ഉപയോഗ ശൂന്യമായി പോയിട്ടുണ്ടെന്നു കാണുന്നു. ഇവയുടെ വാടക കുടിശ്ശിക സഹിതം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും വഴിയോര കച്ചവടക്കാരെ ഈ ഷെഡ്ഡുകളിലേക്ക് മാറ്റാൻ സാധിക്കാതെ വന്നതിന്റെ കാരണങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

## 2-6 വിനോദ നികുതി പിരിവ് സംബന്ധിച്ച്

1961 ലെ കേരളാ പ്രാദേശികാധികാര വിനോദനികുതി ചട്ടങ്ങളിലെ വകുപ്പ് 8 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സീൽ പതിച്ച ടിക്കറ്റുകൾ മുഖേന മാത്രമേ പ്രദർശനം അനുവദിക്കാൻ പാടുള്ളൂ. ഇതിനായി സീൽ ചെയ്തു നല്കുന്ന ടിക്കറ്റുകളുടെ ക്രമനമ്പരുകൾ 1 മുതൽ 10,000 വരെ ആയിരിക്കുകയും ഇത് രേഖപ്പെടുത്തുന്ന ടിക്കറ്റ് സീൽ രജിസ്റ്റർ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിലൊരു രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ വിനോദനികുതിയിനത്തിൽ ലഭിക്കുന്ന വരുമാനത്തിന്റെ കൃത്യത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

നഗരസഭയിൽ പ്രവർത്തിച്ചു വരുന്ന കൈരളി, ശ്രീ തീയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ നിരവധി ടിക്കറ്റുകൾ ഓൺലൈൻ സംവിധാനത്തിലൂടെ വില്പന നടത്തി വരുന്നു.തീയേറ്റർ ഉടമ ഹാജരാക്കുന്ന ഓൺലൈൻ ടിക്കറ്റുകളുടെ ഡി സി ആർ പ്രകാരമുള്ള വിനോദ നികുതിയാണ് നഗരസഭയിൽ ഒടുക്കുന്നത്. ആയതിനാൽ ഓൺലൈൻ ടിക്കറ്റ് വില്പന വഴി നഗരസഭയ്ക്ക് വിനോദനികുതി ഇനത്തിൽ ലഭിക്കേണ്ടതായ വരുമാനത്തിന്റെ ആധികാരികത പരിശോധിക്കുവാൻ സാധിക്കുന്നില്ല.

## 2-7 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

എ) 2015-16 വർഷത്തെ പെർമിറ്റ് ഫീസ് രജിസ്റ്റർ, ഫയൽ എന്നിവ പരിശോധിച്ചതിൽ ശ്രീ.മാത്യു & ജോളി മാത്യു സമർപ്പിച്ച അംഗീകൃത പ്ലാൻ പ്രകാരം ടിയാൻ 168.26 ച. മീറ്ററിൽ ഭവന നിർമ്മാണം നടത്തുന്നതിനാണ് അപേക്ഷ നൽകിയിരുന്നത്. വിസ്തീർണ്ണം 150 ച. മീറ്ററിൽ കൂടുതലായതിനാൽ ച. മീറ്ററിന് ഏഴുരൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ടിയാനിൽ നിന്നും ച. മീറ്ററിന് 3.5 രൂപ നിരക്കിൽ 168.26 ച. മീറ്ററിന് 590 രൂപയാണ് (രസീത് നം 4093/17.6.2015) ഫീസ് ഈടാക്കിയിട്ടുള്ളത്. ച. മീറ്ററിന് ഏഴുരൂപ നിരക്കിൽ 168.26 ച.മീറ്ററിന് 1178 രൂപയാണ് ഈടാക്കേണ്ടയിരുന്നത്. എന്നാൽ ച.മീറ്ററിന് 3.5 രൂപ നിരക്കിൽ ഫീസ് ഈടാക്കിയതുമൂലം 588 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കുറവു വന്ന തുക ബന്ധപ്പെട്ട അപേക്ഷകനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ഫീസിനത്തിൽ കുറവുവന്ന തുക അപേക്ഷകനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ആയത് ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ബി) ശ്രീ.പി.ശ്യാംജിത്ത് കൊച്ചുവെളിയിൽ സമർപ്പിച്ചിരുന്ന അംഗീകൃത പ്ലാൻ പ്രകാരം 142.53ച.മീറ്ററിൽ ഭവന നിർമ്മാണം നടത്തുന്നതിനാണ് അപേക്ഷ നൽകിയിരുന്നത്. ഇതനുസരിച്ച് ച.മീറ്ററിന് 3.5 രൂപ നിരക്കിൽ ടിയാനിൽ നിന്നും 500രൂപ (രസീത് നം.3625/6.6.15) ഈടാക്കി പെർമിറ്റ് നൽകുകയും പിന്നീട് കെട്ടിട പരിശോധനയിൽ ടിയാൻ 167.96ച.മീറ്ററിൽ നിർമ്മാണം നടത്തിയതായി കണ്ടെത്തിയതിനെ തുടർന്ന് അധികമായി നിർമ്മിച്ച 25.43ച.മീറ്റർ വിസ്തീർണ്ണത്തിന് 360രൂപ (രസീത് നം.5996/1.8.16) ഈടാക്കിയിട്ടുണ്ട്. അതായത് ആകെ 860രൂപ മാത്രമാണ് ടിയാനിൽ നിന്നും പെർമിറ്റ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്. സാധാരണ ഗതിയിൽ 167.96ച.മീറ്റർ വിസ്തീർണ്ണത്തിൽ ഭവനനിർമ്മാണം നടത്തുന്നതിന് ഒരു അപേക്ഷകനിൽ നിന്നും ച.മീറ്ററിന് 7രൂപ നിരക്കിൽ കുറഞ്ഞത് 1176രൂപ ഈടാക്കാവുന്നതാണ്. എന്നാൽ ഇവിടെ അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ച് 167.96ച.മീറ്ററിൽ ഭവന നിർമ്മാണം നടത്തിയ ശ്യാംജിത്തിൽ നിന്നും 860രൂപ മാത്രമാണ് പെർമിറ്റ് ഫീസിനത്തിൽ ഈടാക്കിയിട്ടുള്ളത്. ഫീസ് നിർണ്ണയത്തിൽ ഉണ്ടായ പാകപ്പിഴ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും ശേഷിക്കുന്ന 316രൂപ അപേക്ഷകനിൽ നിന്നു ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്നുമാണ് ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി നൽകിയത്. കുറവുവന്ന 316/-രൂപ ബന്ധപ്പെട്ട അപേക്ഷകനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 2-8 ടെൻഡർ ഫോം വില കുറവ് ഈടാക്കിയത് മൂലം നഷ്ടം

ജി.ഒ.(പി.) 03/15/ധനം തീ:05.01.15 സർക്കാർ ഉത്തരവ് പ്രകാരം പ്രവൃത്തികളുടെ അടങ്കലിനനുസൃതമായി ഉത്തരവ് തീയതി മുതൽ ടെണ്ടർ ഫോറം വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം 50,000/- രൂപയ്ക്കു മുകളിൽ 10,00,000/-രൂപ വരെ പ്രവൃത്തി മൂല്യത്തിന്റെ 0.2% (മിനിമം - 500/-രൂപ; മാക്സിമം - 2000) ആണ് ടെൻഡർ ഫോം വിലയിനത്തിൽ ഈടാക്കേണ്ടത്.

എന്നാൽ ഗ്രാമപഞ്ചായത്ത് 2015-16 ൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ ടെണ്ടർ ഫോറങ്ങൾ വിൽപന നടത്തിയതിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള തുക ഈടാക്കാത്തതു മൂലം വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | ടെൻഡർ | പി.എ.സി | ടെൻഡർ സമർപ്പിച്ചവരുടെ | ഈടാക്കിയ തുക | ഈടാക്കേണ്ട | കുറവ് |
|---|---|---|---|---|---|---|

| | നോട്ടീസ് നം/ തീയതി | | പേര് വിവരം | | തുക | |
|---|---|---|---|---|---|---|
| സേവാഗ്രാം വാർഡ് കേന്ദ്രങ്ങളിലേക്ക് ബോർഡ് സ്ഥാപിക്കൽ | പി.12352/14/ 01.09.2015 | 122500 | സജിമോൻ.പി.എസ്, കിഴക്കേ പള്ളിവീട്, വാരനാട് പി.ഒ | 400+ VAT 20/-=420 രസീത് നം. 7623/08.09.2015 | 500+ VAT 25/-=525/- | 100+ 5 =105/- |
| | | | രാജേഷ്, പൂപ്പാത്ത് ചിറ പട്ടണക്കാട് | 400+ VAT 20/-=420 രസീത് നം. 7620`/11.09.2015 | 500+ VAT 25/-=525/- | 100+ 5 =105/- |
| | | | ജോജോ.എ.പടവത്തിൽ, ഒളിമ്പിയ എഞ്ചിനീയേഴ്സ് & സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ് | 400+ VAT 20/-=420 രസീത് നം. 7621/11.09.2015 | 500+ VAT 25/-=525/- | 100+ 5 =105/- |
| | പി.5873/ 2010/ 18.09.2015 (റീ ടെൻഡർ) | 122500 | എം.ഡി.അശോകൻ | 400+ VAT 20/-=420 രസീത് നം. 8582/28.09.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| | | | രാജേഷ്, പൂപ്പാത്ത് ചിറ പട്ടണക്കാട് | 400+ VAT 20/-=420 രസീത് നം. 8602/29.09.15 | 500+ VAT 25/- =525/- | 100+ 5 =105/- |
| | | | ജോജോ .എ.പടവത്തിൽ, ഒളിമ്പിയ എഞ്ചിനീയേഴ്സ് & സ്റ്റീൽ ഫാബ്രിക്കേറ്റേഴ്സ് | 500+ VAT 25/-=525/- | 100+ 5 =105/- | 100+ 5 =105/- |
| | | | സജിമോൻ.പി.എസ്, കിഴക്കേ പള്ളിവീട്, വാരനാട് പി.ഒ | 400+ VAT 20/-=420 രസീത് നം. 8633/29.09.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| അങ്കണവാടി അറ്റകുറ്റപ്പണി വാർഡ് 14 | പി. 5873/2010 തീയതി. 18.09.15 | 100000 | വി.ശിവൻ | 400+ VAT 20/-=420 രസീത് നം. 8532/28.09.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| അങ്കണവാടി യാർഡ് നവീകരണംവാർഡ് 1 | പി. 5873/2010 തീയതി. 18.09.15 | 82869 | സജിമോൻ.പി.എസ് | 400+ VAT 20/-=420 രസീത് നം. 8633/28.09.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| മായാ പ്രസ്സ് - അപ്സര ജംഗ്ഷൻ റോഡ് നിർമ്മാണം വാർഡ്12 | പി5873/2010 തീയതി. 22.07.15 | 150000 | ടി.അജയകുമാർ | 400+ VAT 20/- =420 രസീത് നം. 5660/29.07.15 | 500+ VAT 25/- =525/- | 100+ 5 =105/- |

| | | | | | | |
|---|---|---|---|---|---|---|
| നമ്പിടിപ്പറമ്പ്- തച്ചിലാട്ട് ഫുട്പാത്ത് ഗ്രാവലിംഗ് വാർഡ് 22 | പി 5873/2010 തീയതി. 22.07.15 | 100000 | ടി.അജയകുമാർ | 400+ VAT 20/-=420 രസീത് നം. 5660/29.07.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| ചെറുകാട്ട് വെളി - കട്ടിപ്പറമ്പ് ഫുട്പാത്ത് ഗ്രാവലിംഗ് വാർഡ് 22 | പി. 5873/2010 തീയതി. 22.07.15 | 200000 | സജിമോൻ.പി.എസ് | 400+ VAT 20/-=420 രസീത് നം. 5719/30.07.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| അരുണിമ ജംഗ്ഷൻ നടപ്പാത കോൺക്രീറ്റിംഗ് വാർഡ് 12 പ്രോജക്റ്റ് നം. 141/16 | - | 150000 | സജിമോൻ.പി.എസ് | 400+ VAT 20/-=420 രസീത് നം. 5719/30.07.15 | 500+ VAT 25/-=525/- | 100+ 5 =105/- |
| ആകെ | | | | | | 1300 + VAT 65 |

ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക്, സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും നഷ്ടം ഈടാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഖരമാലിന്യ സംസ്കരണം - പദ്ധതി ഉപേക്ഷിച്ചു - പദ്ധതിക്ക് വേണ്ടി നൽകിയ തുക പാഴായി

ചേർത്തല കൊക്കോതമംഗലം വില്ലേജിൽ സർവേ 6/6ൽ ഉൾപ്പെട്ട 109.18 ആർസ് സ്ഥലം ഖരമാലിന്യ സംസ്കരണത്തിന് വേണ്ടി പൊന്നും വില നടപടി ക്രമപ്രകാരം ഏറ്റെടുക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും സർക്കാർ ഉത്തരവ് (സാധാ) 2243/2007/LSGD തീയതി,16.8.2007പ്രകാരം സ്ഥലവില നിശ്ചയിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 5.4.2007 ൽ 407090/-രൂപയുടെ ഡി.ഡി സ്പെഷ്യൽ തഹസിൽദാർ(പൊന്നും വില)ജനറലിന് അയച്ചുകൊടുക്കുകയും ചെയ്തു. എന്നാൽ ജനരോഷത്തെയും പരിസരവാസികളുടെ എതിർപ്പിനെയും തുടർന്ന് 2008ൽ നഗരസഭ പദ്ധതി ഉപേക്ഷിച്ചു. 28/6/2011ലെ 14-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ഖരമാലിന്യ സംസ്കരണത്തിനുള്ള സ്ഥലം ലഭ്യമാക്കണമെന്നുള്ള തീരുമാനം ഉണ്ടായിട്ടില്ലായെന്ന് കളക്ടറെ അറിയിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കണമെന്ന് കളക്ടർ വീണ്ടും ആവശ്യപ്പെട്ടെങ്കിലും 23.12.2015 ലെ 6ാം നമ്പർ തീരുമാനം പ്രകാരം ജനരോഷത്തെ തുടർന്ന് പദ്ധതി ഉപേക്ഷിച്ചതായി കളക്ടറെ അറിയിക്കുകയും പ്രാരംഭ നടപടികൾക്കായി അടച്ചതുക തിരികെ ഈടാക്കുവാനും തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ ഈ തുക ഇപ്പോഴും നഗരസഭയ്ക്ക് ലഭിച്ചിട്ടില്ല. 2008ൽ ഉപേക്ഷിച്ച പദ്ധതിയുടെ തുക തിരികെ ആവശ്യപ്പെടുവാൻ ഇത്രയും കാലതാമസം വരുത്തിയത് മൂലം പലിശയിനത്തിൽ വൻനഷ്ടം സംഭവിക്കുകയും ടി തുക മറ്റ് പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുവാൻ സാധിക്കാതെ വരുകയും ചെയ്തു. തുക തിരികെ ലഭ്യമാക്കുവാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 അംബേദ്ക്കർ അയ്യൻകാളി പഠന ഗവേഷണകേന്ദ്രം - പണം മുടക്കിയെങ്കിലും പ്രവർത്തനം നടക്കുന്നില്ല

എസ്സ്.സി. ഡവലപ്പ്മെന്റ് ഓഫീസർ നടപ്പാക്കിയ അംബേദ്കർ അയ്യൻകാളി പഠന ഗവേഷണകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി ബിൽ നം. 9/31-8-2015 പ്രകാരം 31080 രൂപ പിൻവലിച്ച് അംബേദ്കർ അയ്യൻകാളി പഠന ഗവേഷണകേന്ദ്രത്തിന്റെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നോട്ടീസ്, മൈക്ക്, സ്റ്റേജ് തുടങ്ങിയവയ്ക്കായി ചെലവ് ചെയ്യുകയും ബിൽ നം.14/26-10-2015, ബിൽ നം. 29/29-3-2016 എന്നിവ പ്രകാരം യഥാക്രമം 25400രൂപ, 10800രൂപ വീതം പിൻവലിച്ച് ലൈബ്രേറിയന് അലവൻസും നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനങ്ങൾ നടത്തിയതല്ലാതെ പഠന ഗവേഷണകേന്ദ്രം ഇപ്പോഴും പ്രവർത്തന സജ്ജമല്ലാതെ അടഞ്ഞുകിടക്കുകയാണ്. പ്രവർത്തന സജ്ജമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 പൊന്നുംവില നടപടികൾ വഴി ഏറ്റെടുത്ത സ്ഥലത്ത് അനധികൃതമായി റോഡ് നിർമ്മിച്ചു - നഗരസഭ അറിഞ്ഞില്ല

ചേർത്തല വടക്ക് വില്ലേജിൽ സർവേ 17/6 ൽ ഉൾപ്പെട്ട 52.88ആർസ് സ്ഥലം നഗരസഭ ബസ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് പണിയുന്നതിന് പൊന്നുംവില നടപടിക്രമപ്രകാരം 36.58 ലക്ഷം രൂപയ്ക്ക് 2005-06കാലയളവിൽ ഏറ്റെടുത്തിട്ടുള്ളതാണ്. എന്നാൽ ഈ സ്ഥലം നാളിതുവരെയായി പോക്ക് വരവ് നടത്തി നഗരസഭയുടെ പേരിൽ കൂട്ടിയിട്ടില്ല. കൂടാതെ ടൂറിസം വകുപ്പ് വഴി നടപ്പാക്കി വരുന്ന ടെയ്ക്ക് എ ബ്രേക്ക് എന്ന പദ്ധതി നടപ്പാക്കുന്നതിന് 19-5-2015ലെ 5ാം നമ്പർ തീരുമാനം വഴി 5സെന്റ് സ്ഥലം ഡി റ്റി പി സി ക്ക് കൈമാറിയതായികാണുന്നു. ഈ സ്ഥലത്ത് ഡി റ്റി പി സി കെട്ടിടം പണിതിട്ടുള്ളതുമാണ്. എന്നാൽ നഗരസഭയും ഡി റ്റി പി സിയുമായി കരാർ വെച്ചിട്ടുള്ളതായി കാണുന്നില്ല. കരാർ ഇല്ലാതെ സ്ഥലം കൈമാറിയതിന്റെ കാരണം വ്യക്തമല്ല. ഏറ്റെടുത്ത 52.88 ആർസ് സ്ഥലത്തിന്റെ തെക്ക് വശത്തായുള്ള തോടിന് സമീപത്ത് കൂടി അനധികൃതമായി പടിഞ്ഞാറുനിന്നും കിഴക്കോട്ടായി റോഡ് നിർമ്മിച്ച് ടാർ ചെയ്തിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കാണുന്നു. നഗരസഭ ഏറ്റെടുത്ത ഈ സ്ഥലത്ത് ഏകദേശം മൂന്ന് മീറ്റർ വീതിയിൽ 127 മീറ്റർ നീളത്തിൽ കടന്നുപോകുന്ന ഈ റോഡിന് നഗരസഭ കൗൺസിൽ അനുവാദം നൽകിയിട്ടില്ല. നഗരസഭയുടെ ഫണ്ടും ഇതിനുവേണ്ടി ചെലവഴിച്ചിട്ടില്ല. ഏകദേശം പത്ത് സെന്റ് സ്ഥലം (381M2)നഗരസഭയ്ക്ക് ഇതുവഴി നഷ്ടപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. നഗരസഭയുടെ സ്ഥലത്ത് അനുവാദമില്ലാതെ നടത്തിയ ഇത്തരം നിർമ്മാണങ്ങൾ പൊളിച്ച് നീക്കി സ്ഥലം വീണ്ടെടുത്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-4 നഗരസഭയിലെ ഇ-ടോയിലെറ്റുകൾ പ്രവർത്തനരഹിതം

ചേർത്തല നഗരസഭയിൽ വിവിധ ഫണ്ടുകളിൽ ഉൾപ്പെടുത്തി മൂന്ന് ഇ-ടോയിലെറ്റുകൾ കെൽട്രോൺ നിർമ്മിച്ചിട്ടുള്ളതാണ്. ആയതിന്റെ പരിപാലനച്ചുമതലയും കെൽട്രോണിനാണുള്ളത്. എന്നാൽ സാങ്കേതിക തകരാർ മൂലം ഇവ പ്രവർത്തനരഹിതമാണ്. തകരാർ വിവരം നഗരസഭ കെൽട്രോണിനെ അറിയിച്ചെങ്കിലും ടോയിലെറ്റുകളുടെ തകരാർ പരിഹരിച്ചിട്ടില്ല. കരാർ പ്രകാരം കെൽട്രോണിന് ചുമതലയുണ്ടായിട്ടും തകരാർ പരിഹരിക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ടോയിലെറ്റുകളുടെ തകരാർ പരിഹരിച്ച് പ്രവർത്തസജ്ജമാക്കേണ്ടതാണ്.

## 3-5 ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം കൃത്യമായി ഒടുക്കുന്നില്ല - പിഴപലിശ തനത് ഫണ്ടിൽ നിന്നും ഒടുക്കുന്നു

ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം എല്ലാ മാസവും 15ാം തീയതിക്ക് മുൻപ് സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ് അല്ലാത്ത പക്ഷം 8% പിഴപലിശയടക്കം ഒടുക്കുവരുത്തണമെന്നാണ് നിർദ്ദേശം. എന്നാൽ ആയത് പാലിക്കുവാൻ നഗരസഭക്ക് പലപ്പോഴും സാധിക്കുന്നില്ല. ജീവനക്കാരുടെ 11/2013മുതൽ 6/2014 വരെയുള്ള പ്രതിമാസവേതനത്തിൽ നിന്നും കുറവ് ചെയ്ത പി.എഫ് വിഹിതം അടക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭ പിഴപലിശയിനത്തിൽ 12260/-രൂപയും (വൗച്ചർ നം.124-4/15 തീ.24.4.2015) 7/2014 മുതൽ 4/2015വരെയുള്ള ജീവനക്കാരുടെ പ്രതിമാസവേതനത്തിൽ നിന്നും കുറവ് ചെയ്ത പി എഫ് വിഹിതിന്റെ പിഴപലിശയായ 11165/-രൂപയും(വൗച്ചർ നം.9-2/16 തീയതി,3.2.2016) ഉൾപ്പെടെ 23425/-രൂപ തനത് ഫണ്ടിൽ നിന്നും നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടച്ചിട്ടുണ്ട്. കൂടാതെ നഗരകാര്യ ഡയറക്ടറുടെ 3/3/2016ലെ പി.എഫ്.1541/07-ാം നമ്പർ ഉത്തരവ് നടപടികൾ വഴി ചേർത്തല നഗരസഭയിലെ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് സംബന്ധമായ ചെലവുകൾക്ക് 20,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 5/15 മുതൽ 1/16വരെയുള്ള മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തിയ പ്രോവിഡന്റ് ഫണ്ട് പ്രതിമാസ വിഹിതം യഥാസമയം സെൻട്രൽ പ്രോവിഡന്റ് ഫണ്ടിൽ ഒടുക്ക് വരുത്താത്തതിനാൽ 8% പലിശയിനത്തിൽ 9,274/-രൂപ മേൽ പറഞ്ഞ അലോട്ട്മെന്റ് തുകയിൽ നിന്ന് കുറവ് ചെയ്ത് 19,90,726/-രൂപയാണ് അനുവദിച്ചിട്ടുള്ളത്. ജീവനക്കാരുടെ പ്രതിമാസ പി.എഫ് വിഹിതം യഥാസമയം ഒടുക്കാത്തതിന്റെ കാരണം വിശദീകരിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ പണമില്ലാത്തതിനാലാണ് യഥാസമയം ഒടുക്കാത്തത് എന്ന് കാണുന്നു. ഡിമാന്റ് തുക യഥാസമയം

പിരിക്കാതിരിക്കുന്നതുമൂലമാണ് തനത് ഫണ്ടിൽ തുകയില്ലാതെ വരുന്നത്. ആയതിനാൽ നികുതി പിരിവ് ഊർജ്ജിതമാക്കി തനത് ഫണ്ട് വർദ്ധിപ്പിച്ച് ഇത്തരം അധികചെലവുകൾ നിയന്ത്രിക്കേണ്ടതാണ്. കൂടാതെ നഗരസഭ ജീവനക്കാരുടെ പി.എഫ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ജീവനക്കാർക്ക് പി.എഫ് പാസ് ബുക്കോ, ക്രഡിറ്റ് സ്ലിപ്പോ ഇല്ലാത്ത സാഹചര്യത്തിൽ രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തൽ വരുത്തി ബന്ധപ്പെട്ട മേലധികാരി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-6 ചേർത്തല നഗരസഭയിലേക്ക് ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങൽ - സബ്സിഡി മാർഗ്ഗരേഖക്കു വിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചു

പ്രോജക്ട് നം.S0078/16

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്കായി ബിൽ നം.14/29.01.2016 പ്രകാരം 552523 രൂപയുടെ ഇലക്ട്രിക്കൽ സാധനങ്ങൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ടിൽപ്പെടുത്തി 150W SVചോക്ക്, 150 W SV Bulb, SV Lamp Ignitor 150 W എന്നിവ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No | Item | Quantity | Rate | Amount |
|---|---|---|---|---|
| 1 | 150 W SV Choke | 260 | 1296 | 259200 |
| 2 | 150 W SV Bulb | 300 | 318.77 | 95631 |
| 3 | SV Lamp Igniter 150 W | 150 | 194.75 | 29212.50 |
| | ആകെ | | | 384043.50 |

16.11.2013-ലെ ജി.ഒ.(എം.എസ്) 362/2013 സബ്സിഡി മാർഗ്ഗരേഖ പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനതുഫണ്ട്/മെയിന്റനൻസ് ഫണ്ടിൽ ഏറ്റെടുക്കാവുന്നതാണ്. സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി വികസനഫണ്ടിൽ നിന്നും തുക ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 384043.50 രൂപയും 14.5% VAT 55686 രൂപയും ഉൾപ്പെടെയുള്ള 439730 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നഗരസഭ വാങ്ങിയ ഇലക്ട്രിക്ക് സാധനങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് 90 എണ്ണം മോശമായതിനാൽ മാറ്റി വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഇലക്ട്രീഷ്യൻ ശ്രീ.ദിനേശൻ 24.12.2016- ൽ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന്മേൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. സ്ഥാപനം നഗരസഭയുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥ പ്രകാരം ലാമ്പ് ഒഴികെയുള്ള ഉപകരണങ്ങൾക്കാണ് വാറണ്ടിയുള്ളത്. വാറണ്ടിയില്ലാത്ത സാധന സാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ട ബാധ്യത നഗരസഭയ്ക്കുണ്ട്. നഗരസഭയിൽ ഇലക്ട്രീഷ്യൻ ഉണ്ടായിരുന്നിട്ടും സപ്ലൈ ചെയ്ത ലാമ്പുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താതിരുന്നതിന് വിശദീകരണം നൽകേണ്ടതാണ്. കേടായ 90 ലാമ്പുകളുടെ കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 വൈദ്യുതി ചാർജ്ജ് കുടിശ്ശിക പെരുകുന്നു - തുക അടയ്ക്കാത്തത് നഗരസഭാഫണ്ടിന്റെ അപര്യാപ്തത മൂലം

ചേർത്തല താലൂക്ക് ആശുപത്രിയുടെ 29.02.2016 വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക 4785764 രൂപയും പിഴപലിശ 679702 രൂപയും ക്യാഷ് ഡെപ്പോസിറ്റ് 178904 രൂപയും ഉൾപ്പെടെ ആകെ 5644370 രൂപയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കൺസ്യൂമർ നം. | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക | പലിശ | അധികം വേണ്ടുന്ന ക്യാഷ് ഡെപ്പോസിറ്റ് | ആകെ |
|---|---|---|---|---|---|---|
| 1 | 4432 | 8/15-2/16 | 109700 | 203541 | - | 313241 |
| 2 | 7268 | " | 30032 | 374824 | - | 404856 |
| 3 | 1294 | 5/15-2/16 | 47873 | 71092 | - | 118965 |
| 4 | 4431 | " | 40521 | 29106 | 3795 | 73422 |
| 5 | 128 | 1/10-2/16 | 150470 | - | 4449 | 154919 |

| | | | | | | |
|---|---|---|---|---|---|---|
| 6 | 24650 | 1/13-2/16 | 3977541 | - | 169322 | 4146863 |
| 7 | 24749 | 2/13-2/16 | 429627 | 1139 | 1338 | 432104 |
| ആകെ | | | 4785764 | 679702 | 178904 | 5644370 |

നഗരസഭ കടുത്ത സാമ്പത്തിക ഞെരുക്കത്തിലായതിനാൽ തനതുഫണ്ടിൽ നിന്നും കുടിശ്ശിക ഒടുക്കുവാൻ സാധിക്കാത്ത അവസ്ഥയാണെന്നും ആയതിനാൽ കുടിശ്ശിക തുക ഗവണ്മെന്റ് ഏറ്റെടുക്കുന്നതിനും തുടർന്നുള്ള തൻമാസ കറന്റ് ചാർജ്ജ് നഗരസഭ അടയ്ക്കുന്നതിനുമുള്ള അനുമതി ആവശ്യപ്പെട്ട് 27.05.2016 – ൽ ഗവ.സെക്രട്ടറിക്ക് (വൈദ്യുതി വകുപ്പ്) കത്ത് അയച്ചിട്ടുണ്ട്. 2015-16 വർഷം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1986842 രൂപ കറണ്ട് ചാർജ്ജ് കുടിശ്ശിക അടവാക്കുന്നതിനായി നൽകിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ടിലെ വ്യവസ്ഥകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി നഗരസഭയ്ക്ക് ലഭിക്കേണ്ട നികുതികളും ഫീസുകളും നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സമയബന്ധിതമായി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതുമൂലമാണ് തനതുഫണ്ട് വരുമാനം കുറയുന്നതെന്നാണ് വരവിനങ്ങൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളത് (വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ 2-ാം ഭാഗത്ത് ചേർത്തിട്ടുണ്ട്). ഇതുമൂലം നഗരസഭയിൽ നിന്നും വൈദ്യുതി ചാർജ്ജ് ഇനത്തിൽ നൽകേണ്ട തുകകൾ യഥാസമയം നൽകുവാൻ കഴിയാതെ വരികയും കുടിശ്ശിക വർദ്ധിക്കുവാൻ കാരണമാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ നികുതി പിരിവ് കാര്യക്ഷമമാക്കി നഗരസഭയുടെ ബാധ്യതകൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. നഗരസഭാ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(ബഹുമാനപ്പെട്ട ചേർത്തല എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ചെലവഴിച്ച് താലൂക്ക് ആശുപത്രിയിൽ 2014-15 വർഷം സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ഉപഭോഗത്തിൽ കുറവുള്ളതായി കാണുന്നില്ല)

## 3-8 നഗരസഭയുടെ മുഴുവൻ തെരുവുവിളക്കുകൾക്കും മീറ്റർ സമ്പ്രദായം നടപ്പാക്കണം

നഗരസഭയുടെ തെരുവുവിളക്കുകൾ കെ.എസ്.ഇ.ബിയുടെ രണ്ട് സെക്ഷന്റെ പരിധിയിലുള്ളതാണ്. കെ.എസ്.ഇ.ബിയുടെ ഈസ്റ്റ് സെക്ഷന്റെ പരിധിയിലുള്ള തെരുവുവിളക്കുകളുടെ പ്രതിമാസ കറന്റ് ചാർജ് 2,54,256/-രൂപയും വെസ്റ്റ് സെക്ഷന്റെ പ്രതിമാസം കറന്റ് ചാർജ് 1,06,619/-രൂപയുമാണ്. നഗരസഭയുടെ കണക്കനുസരിച്ച് ഈസ്റ്റ് സെക്ഷന്റെ പരിധിയിൽ മൊത്തം 1755 പോസ്റ്റുകളാണുള്ളത്. ആയതിൽ 291എണ്ണം സോഡിയം വെയ്പ്പർ ലാമ്പുകളും ബാക്കി CFL ലാമ്പുകളുമാണുള്ളത്. വെസ്റ്റ് സെക്ഷന്റെ പരിധിയിൽ മൊത്തം 1976പോസ്റ്റുകളാണുള്ളത്. അതിൽ 291എണ്ണം സോഡിയം വെയ്പ്പർ ലാമ്പുകളും ബാക്കി CFL ലാമ്പുകളുമാണുള്ളത്. നഗരസഭയുടെ വെസ്റ്റ് സെക്ഷനിൽ തെരുവുവിളക്കുകൾക്ക് മീറ്റർ സമ്പ്രദായം നടപ്പാക്കിയിട്ടുണ്ട്. മീറ്റർ സമ്പ്രദായം നടപ്പാക്കുന്നതിന് മുൻപ് 1,71,542/-രൂപയാണ് നഗരസഭയുടെ വെസ്റ്റ് സെക്ഷനിലെ വൈദ്യുതിചാർജ്. എന്നാൽ ഈസ്റ്റ് സെക്ഷനിൽ മീറ്റർ സമ്പ്രദായം നടപ്പാക്കാത്തതിനാൽ പ്രതിമാസം തെരുവുവിളക്കുകളുടെ പ്രതിമാസ ഫിക്സഡ് ചാർജ് 2,54,256/-രൂപയായി തുടരുന്നു. നഗരസഭയുടെ ഈസ്റ്റ് സെക്ഷനിലും മീറ്റർ സമ്പ്രദായം നടപ്പാക്കി വൈദ്യുതിചാർജ് കുറയ്ക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സ്കൂളുകളിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ - ടെൻഡർ കൂടാതെ സിഡ്കോയിൽ നിന്നും വാങ്ങി

നിർവ്വഹണ ഉദ്യോഗസ്ഥൻ: പ്രിൻസിപ്പാൾ, ഗവ.ഹയർ ഹയർ സെക്കന്ററി സ്കൂൾ

പ്രോജക്ട് നം. S0069/16

പ്രോജക്ടിൽപ്പെടുത്തി സിഡ്കോയിൽ നിന്നും Acer Intel Dual core PC 10 എണ്ണം, 2000 VA Line Interactive UPS 24 V എന്നിവ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Item | Unit Price | Quantity | Gross Value |
|---|---|---|---|
| Acer Intel Dual Core PC, 2 GB DDR3, 500G, DVD R/W, Kb & Mouse, 18.5 Led Monitor | 26350 | 10 nos | 263500 + 5% VAT 13175<br>= 276675/- |
| 2000VA Line Interactive UPS 24 V Ext Model For supplying 10 computers with 1x100 Ah Sealed Maintenance Free Battery | 20000 | 1 no | 20000 + 14.5% VAT =22900/- |
| Total | | | 299575 |

2013-ലെ ജി.ഒ.(പി).3/2013 എസ്.പി.ഡി തീയതി.21.06.2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശാനുസരണം ഒരു ലക്ഷം രൂപയും അതിനു മുകളിലുമുള്ള വാങ്ങലുകൾക്ക് ടെൻഡർ ക്ഷണിക്കേണ്ടതാണ്. എന്നാൽ

ടെൻഡർ ക്ഷണിക്കാതെ സിഡ്കോയിൽ നിന്നുമാണ് കമ്പ്യൂട്ടർ വാങ്ങിയിട്ടുള്ളത്. 02.02.2016- ലെ ജി.ഒ.(പി)/1 /2006/എസ്.പി.ഡി ഉത്തരവ് പ്രകാരം കെൽട്രോണിൽ നിന്നു മാത്രമാണ് ടെൻഡർ കൂടാതെ കമ്പ്യൂട്ടർ വാങ്ങാവുന്നത്. ഇങ്ങനെ വാങ്ങുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ/അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ 50 ശതമാനത്തിലധികം മൂല്യമുണ്ടെങ്കിൽ ടെൻഡർ സമ്പ്രദായം സ്വീകരിക്കണം. ഈ നിബന്ധനകൾക്ക് വിരുദ്ധമായി സിഡ്കോയിൽ നിന്നും കംപ്യൂട്ടർ വാങ്ങിയതിന്മേൻ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെൽട്രോൺ ഉൾപ്പെടെയുള്ള മറ്റ് എജൻസികളിൽ അന്വേഷിച്ചപ്പോൾ ഇതിൽ കൂടുതൽ വിലയുള്ളതായി അറിഞ്ഞതിലാണ് സിഡ്കോയിൽ നിന്നും വാങ്ങിയതെന്നുള്ള മറുപടി മേൽ കാരണങ്ങളാൽ തൃപ്തികരമല്ല. വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-10 അനധികൃതകെട്ടിടങ്ങൾ പൊളിച്ച് നീക്കി - ചെലവ് ഈടാക്കിയില്ല

നഗരസഭ ഒന്നാം വാർഡിലെ രമേഷ് ഭവനിൽ താമസിക്കുന്ന ശ്രീ.സതീഷ് കുമാർ & സിന്ധു എന്നിവരുടെ ഉടമസ്ഥതയിലുള്ള അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടം നഗരസഭ തനത് ഫണ്ട് ഉപയോഗിച്ച് പൊളിച്ച് നീക്കിയിട്ടുള്ളതാണ്. ആയതിലേക്ക് തനത് ഫണ്ടിൽ നിന്നും 8350/-രൂപ ചെലവഴിച്ചിട്ടുള്ളതാണ്. 17/10/2015ലെ വൗച്ചർ നം.55-10/15 പ്രകാരം ഈ ആവശ്യത്തിലേക്ക് 5000/-രൂപ നഗരസഭ ഓവർസിയർക്ക് മുൻകൂർ നൽകിയിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റീസ് ആക്ട് വകുപ്പ് 406പ്രകാരം ഇത്തരം അനധികൃത കെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതിന്റെ ചെലവ് ബന്ധപ്പെട്ട കക്ഷിയിൽ നിന്നും ഈടാക്കേണ്ടതാണ്. ആയത് ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ ശ്രീ.സതീഷ് കുമാർ & സിന്ധു എന്നിവരിൽ നിന്നും പൊളിച്ച് നീക്കുന്നതിന് ചെലവഴിച്ചിട്ടുള്ള 8350/-രൂപ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-11 സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിശ്ചയിക്കേണ്ടതാണ്

കേരള വാട്ടർ അതോറിറ്റി എല്ലാ മാസവും നഗരസഭയിലെ പൊതുടാപ്പുകളുടെ ബില്ല് നൽകുന്നുണ്ടെങ്കിലും നഗരസഭ തുക ഒടുക്കുന്നില്ല. വാട്ടർ അതോറിറ്റി നൽകുന്ന ബില്ല് പ്രകാരം 1.2.2016 ൽ നഗരസഭയിൽ 512 പൊതുടാപ്പുകളാണുള്ളത്. നഗരസഭ പരിധിയിൽ 10/2014 മുതൽ ഒരു പൊതുടാപ്പിന്റെ വാർഷികവാടക 7884/-രൂപയാണ്. 31.1.2016 ലെ ബില്ല് പ്രകാരം വാടകയും കുടിശ്ശികയും പിഴപലിശയുമടക്കം 2,82,88,636/-രൂപയാണ് നഗരസഭ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുവാനുള്ളത്. എന്നുമുതലുള്ള കുടിശ്ശികയാണെന്നോ, കുടിശ്ശിക ഇത്രയും കൂടുവാനുള്ള കാരണമോ വ്യക്തമല്ല. ആയത് വിശദീകരിക്കേണ്ടതാണ്. കൂടാതെ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് സംയുക്തപരിശോധനക്ക് പലപ്രാവശ്യം നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയെങ്കിലും സംയുക്തപരിശോധന നടന്നിട്ടില്ലാത്തതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ 34-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക തുക വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിർണ്ണയിക്കേണ്ടതും നഗരസഭയുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കുടിശ്ശിക തുക കുറച്ച് തരുന്നതിന് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടാവുന്നതാണ്.

## 3-12 സേവാഗ്രാം വാർഡ് സഭാകേന്ദ്രങ്ങളിൽ ബോർഡ് സ്ഥാപിക്കൽ - ഓഫീസില്ലാത്തതിനാൽ ബോർഡ് സ്ഥാപിക്കാത്ത കേന്ദ്രത്തിനായുള്ള ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം.S0028/16

സേവാഗ്രാം - വാർഡ് കേന്ദ്രങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നതിനായി ടെൻഡർ ക്ഷണിക്കുകയും 25% കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.രാജേഷ്, പൂപ്പാത്ത്ചിറ എന്നയാളെ പ്രവൃത്തി ഏൽപ്പിക്കുകയും ചെയ്തു. ഒരു ബോർഡിന് 3468 രൂപ പ്രകാരം 35 ബോർഡുകൾക്ക് 121380 രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ നിന്നും 25% ടെൻഡർ കുറവ് വരുത്തിയ ശേഷം ആകെ 91035 രൂപ (ബിൽ നം.24/31.03.2016) കരാറുകാരന് നൽകി. 34-ാം വാർഡ് ഒഴികെയുള്ള എല്ലാ വാർഡുകളിലെയും വാർഡ് സഭാ കേന്ദ്രങ്ങളിൽ ബോർഡ് സ്ഥാപിച്ചതായുള്ള കൗൺസിലറുടെ സാക്ഷ്യപത്രം ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. 2014-15 വർഷത്തെ പ്രോജക്ടിൽപ്പെടുത്തി വാർഡ് സഭാകേന്ദ്രങ്ങൾക്ക് കസേര വാങ്ങി നൽകിയതിൽ, 34-ാം വാർഡ് സഭാ കേന്ദ്രത്തിന് നൽകിയ 5 കസേര കേന്ദ്രത്തിന് ഓഫീസില്ലാത്തതിനാൽ തിരികെ വാങ്ങിയതിൽ നിന്നും 34-ാം വാർഡിലെ വാർഡ് സഭാകേന്ദ്രത്തിന് ഓഫീസില്ല എന്ന് വ്യക്തമാണ്. ഓഫീസില്ലാത്ത ഗ്രാമസഭകേന്ദ്രത്തിന് ബോർഡ് നിർമ്മിച്ചതും ബോർഡിന്റെ സ്ഥാപിക്കൽ സംബന്ധിച്ചും നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബോർഡ് നഗരസഭാ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ഒരു ഗ്രാമസഭാകേന്ദ്രത്തിന്റെ

ബോർഡിനായി ചെലവഴിച്ച തുക 2601 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-13 ഓട്ടോറിക്ഷ വാങ്ങൽ - പ്രോജക്ടിനായി പണം മുടക്കിയെങ്കിലും വാങ്ങൽ രേഖകൾ ഹാജരാക്കിയില്ല

പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ യുവതീയുവാക്കൾക്ക് ഓട്ടോറിക്ഷ വാങ്ങി നൽകൽ എന്ന പ്രോജക്ടിനായി ബിൽ നം.38/31-3-2016പ്രകാരം 4,50,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 10 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനായി DD No.563078/16-4-2016 പ്രകാരം മാനേജർ SBT ചേർത്തലയ്ക്ക് നൽകി. എന്നാൽ SBT ചേർത്തല ഗുണഭോക്താക്കൾക്ക് വായ്പ അനുവദിച്ചതായോ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയതായോ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയില്ല. പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട് കാണുന്ന മറ്റ് പോരായ്മകൾ താഴെ വിവരിക്കുന്നു.

1) യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ആസൂത്രണം ചെയ്ത പ്രോജക്ടിൽ 3 പേർ ഒഴികെ മറ്റുള്ളവർ 40വയസ്സിനു മുകളിൽ പ്രായമുള്ളവരാണ്.

2) ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ഉള്ളവർക്ക് ആനുകൂല്യം നൽകാം എന്ന് പദ്ധതി മാർഗ്ഗനിർദ്ദേശത്തിൽ പറയുന്നുണ്ടെങ്കിലും ശ്രീ.ബാബു, ശ്രീ.സന്തോഷ് ശ്രീ.സുകുമാരൻ എന്നിവരുടെ ബാഡ്ജിന്റെ കാലാവധി കഴിഞ്ഞതാണ്.

3) സ്വയം തൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്ന് ധനസഹായം ലഭിച്ചിട്ടില്ല എന്ന രേഖയും എംപ്ലോയ് മെന്റ് എക്സ്ചേഞ്ചിലോ സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള രേഖയും ഹാജരാക്കിയിട്ടില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്യാത്തതിനാൽ 4,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 എസ്.സി. ഭവനനിർമ്മാണം ഫയലുകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ അപാകത

എസ്.സി.ഡെവലപ്പ് മെന്റ് ഓഫീസർ ഭവനനിർമ്മാണം എന്ന പേരിൽ നാല് സ്പിൽഓവർ പ്രോജക്ടുകളും ഒരു പുതിയ പ്രോജക്ടും നടപ്പാക്കിയിട്ടുണ്ട്. ഓരോ പ്രോജക്ടുകൾക്കും ചെലവഴിച്ച തുകകളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | തുക |
|---|---|---|
| 1 | S 023/16 New | 40000 |
| 2 | S 050/16 | 340000 |
| 3 | S 053/16 | 100000 |
| 4 | S 054/16 | 200000 |
| 5 | S 056/16 | 30000 |
| | ആകെ | 710000 |

മുകളിൽ കാണിച്ചിട്ടുള്ള പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ഓരോ പ്രോജക്ടുകളിലും എത്ര ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിക്കുവാൻ ഉണ്ടെന്നും അവർ എത്രത്തോളം വീട് പണി നടത്തിയിട്ടുണ്ടെന്നും, എത്ര ഗഡു പണം കൈപ്പറ്റിയിട്ടുണ്ടെന്നും മറ്റുമുള്ള വിവരങ്ങൾ രജിസ്റ്ററുകളിലോ ഫയലുകളിലോ കാണിച്ചിട്ടില്ല. പകരം പണം കൈപ്പറ്റുന്നവരുടെ പേര് രജിസ്റ്ററിൽ ചേർത്ത് പണം കൈപ്പറ്റിയെന്ന രേഖ കാണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

## 3-15 മുൻകൂർ തുക കൈപ്പറ്റിയിട്ടും കക്കൂസ് നിർമ്മാണം ആരംഭിച്ചില്ല - പദ്ധതിപ്പണം പാഴ്ചെലവായി

2015-16 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി നഗരസഭ നടപ്പാക്കിയ പ്രോജക്ടുകളാണ് കക്കൂസ് നിർമ്മാണം -- ജനറൽ (പ്രോജക്ട്നം 10/2016), കക്കൂസ് നിർമ്മാണം -- ജനറൽ സ്പിൽ ഓവർ (പ്രോജക്ട്നം 60/2016 ) എന്നിവ. ടി പദ്ധതികൾ നടപ്പാക്കുന്നതിനായി തൻവർഷം വികസന ഫണ്ടിൽ 11,92,000 നിന്നും രൂപ ചെലവഴിച്ചിട്ടുണ്ട്. കക്കൂസ് നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് 8000 രൂപയാണ് സബ്സിഡിയായി അനുവദിച്ചിരുന്നത്. ഇതിൽ 4000 രൂപ മുൻകൂറായും ശേഷിക്കുന്ന 4000 രൂപ പണി പൂർത്തിയാക്കിയതിനുശേഷവുമാണ് നൽകിയിട്ടുള്ളത്. എന്നാൽ മുൻകൂറായി തുക കൈപ്പറ്റിയ പലരും രണ്ട് വർഷങ്ങൾക്കുശേഷവും കക്കൂസ് നിർമ്മാണം നടത്തിയിട്ടില്ല. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

2015- 16വർഷം മുൻക്കൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ

| ക്രമനം | പേര് | തുക | ചെക്ക് നം |
|---|---|---|---|
| 1 | ശോഭ പള്ളിക്കനാട്ട് നികർത്തിൽ | 4000 | 143737/ 3.9.15 |
| 2 | അജയൻ അറവാതുക്കൽ | 4000 | 143740/ 3.9.15 |
| 3 | സീത കീഴാഞ്ഞിലിച്ചിറ | 4000 | 143744/ 3.9.15 |
| 4 | സന്തോഷ് നടീപറമ്പിൽ | 4000 | 143749/ 3.9.15 |
| 5 | സേവ്യർ തോമസ് വീരാരിപ്പള്ളി | 4000 | 668070/ 15.9.15 |
| 6 | പുഷ്പവല്ലി കോതകാട്ടുചിറ | 4000 | 668069/ 15.9.15 |
| 7 | ബാബു നടീപറമ്പിൽ | 4000 | 668068/ 15.9.15 |
| 8 | ഷീല സുഭാഷ് കോതകാട്ടുവെളി | 4000 | 668066/ 15.9.15 |
| 9 | ആശമോൾ ചെറുകാട്ടുവെളി | 4000 | 668061/ 15.9.15 |
| 10 | ഗീതഅനിരുദ്ധൻ പുതുവൽനികർത്ത് | 4000 | 668059/ 15.9.15 |
| 11 | ഉഷ ബാലചന്ദ്രൻ തകിടിവെളി | 4000 | 668055/ 15.9.15 |
| 12 | ശിവൻ ആലുങ്കൽചിറ | 4000 | 668056/ 15.9.15 |
| 13 | ജാൻസി ഷാജി പുന്നയ്ക്കൽവളി | 4000 | 668054/ 15.9.15 |
| 14 | കാർത്തികേയൻ അറയ്ക്കൽചിറ | 4000 | 668053/ 15.9.15 |
| 15 | ശോഭന വിരിപ്പുകാലയിൽ | 4000 | 668050/ 15.9.15 |
| 16 | രത്നമ്മ അമ്പിളിക്കുട്ടൻ കണ്ടനാട്ട് | 4000 | 668049/ 15.9.15 |
| 17 | ജോസ് മാടമന | 4000 | 668044/ 15.9.15 |
| 18 | ബൈജു പഴക്കാച്ചിറ | 4000 | 668045/ 15.9.15 |
| 19 | മോളി വെളിയിൽ | 4000 | 140584/ 17.9.15 |
| 20 | ജോസഫ് തടത്തിൽ | 4000 | 140582/ 17.9.15 |
| 21 | N.T ബാബു നികർത്തിൽ | 4000 | 163213/ |

| | | | |
|---|---|---|---|
| | | | 25.11.15 |
| 22 | സന്തോഷ് വടക്കേപുല്ലംപള്ളി | 4000 | 140593/ 17.9.15 |
| 23 | ലക്ഷ്മി വീരമണി ചാത്തനാട്ട് | 4000 | 140598/ 17.9.15 |
| 24 | സുശീല വാഴച്ചിറ | 4000 | 163216/ 25.11.15 |
| 25 | ബിന്ദു അകംപള്ളിവെളി | 4000 | 140594/ 17.9.15 |
| 26 | യശോദ ഭഗവതിവെളി | 4000 | 140577/ 17.9.15 |
| 27 | ലക്ഷമി തായ്പ്പള്ളി | 4000 | 163268/ 26.11.15 |
| 28 | അർച്ചന കുന്നേൽ | 4000 | 163214/ 26.11.15 |
| 29 | സതീദേവി കൃഷ്ണവിഹാർ | 4000 | 163263/ 26.11.15 |
| 30 | ആശ പുതുകുളത്ത് | 4000 | 163262/ 26.11.15 |
| 31 | പ്രസന്ന പരപ്പേൽ | 4000 | 163260/ 26.11.15 |
| 32 | ശ്രീദേവി അറയ്ക്കൽപറമ്പിൽ | 4000 | 163258/ 26.11.15 |
| 33 | മല്ലിക സുഗുണൻ വട്ടക്കാട് | 4000 | 163253/ 26.11.15 |
| 34 | ഗോപി ചെങ്ങളത്തുചിറ | 4000 | 163250/ 26.11.15 |
| 35 | T.K ശശി വടക്കേകൊണ്ടോത്ത് | 4000 | 163250/ 26.11.15 |
| 36 | ഗിരിജമ്മ ഇല്ലത്തുവടക്കേവെളി | 4000 | 163236/ 25.11.15 |
| 37 | ചന്ദ്രിക കരുണക്കാട്ട് | 4000 | 163221/ 25.11.15 |
| 38 | ചന്ദ്രമതി വൃന്ദാവനം | 4000 | 163223/ 25.11.15 |
| 39 | ഷീല രവീന്ദ്രൻ പുതുവൽനികർത്ത് | 4000 | 163224/ 25.11.15 |
| 40 | മാലിനി വരേകാട്ടുവെളി | 4000 | 163225/ 25.11.15 |
| 41 | ശശിധരൻ കൊറ്റിനാട്ടുവെളി | 4000 | 163227/ 25.11.15 |
| 42 | സരസ്വതിയമ്മ മേവല്ലൂർ | 4000 | 163228/ 25.11.15 |

| | | | |
|---|---|---|---|
| 43 | ബിനി രാധാകൃഷ്ണൻ കളപ്പുരയ്ക്കൽ | 4000 | 163963/ 15.12.15 |
| 44 | പത്മിനി കിഴക്കേച്ചിറ | 4000 | 163962/ 15.12.15 |
| 45 | ജലജ ഷാജി വരേകാട്ടുവെളി | 4000 | 163961/ 15.12.15 |
| 46 | ഭവാനി പരപ്പേൽചിറനികർത്തിൽ | 4000 | 163960/ 15.12.15 |
| 47 | ഷീല ആരാധന | 4000 | 163959/ 15.12.15 |
| 48 | മണി അടമ്പിൽചിറ | 4000 | 165691/ 22.1.16 |
| 49 | സീതമ്മ സന്ദീപ് ഭവൻ | 4000 | 559611/ 4.3.16 |
| 50 | വിജയമ്മ മാധവപ്പള്ളിൽ | 4000 | 559613/ 4.3.16 |
| 51 | ലില്ലിക്കുട്ടി പുളിമൂട്ടിൽവെളി | 4000 | 559612/ 4.3.16 |
| 52 | ഓമന കുന്നേൽവെളി | 4000 | 559615/ 4.3. |
| | ആകെ | 2,08,000 | |

2014-15 വർഷം മുൻക്കൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ

| ക്രമനം | പേര് | തുക | ചെക്ക് നം |
|---|---|---|---|
| 1 | ലത അപ്പച്ചൻ പൊള്ളയിൽ | 4000 | 557208/ 22.1.15 |
| 2 | സുലേഖ വഞ്ചിപുരയ്ക്കൽ | 4000 | 557223/ 22.1.15 |
| 3 | ഗോകുൽദാസ് പൊള്ളേവെളി | 4000 | 557230/22.1.15 |
| 4 | ശാന്ത കോനാട്ടുതറ | 4000 | 557244/ 22.1.15 |
| 5 | ഭാനുമതി ശാരദാവിലാസം | 4000 | 557250/ 22.1.15 |
| 6 | വിജിമോൾ പഴക്കാച്ചിറ | 4000 | 557251/ 22.1.15 |
| 7 | ഉദയപ്പൻ കൈതവളയിൽ | 4000 | 132862/ 21.2.15 |
| 8 | അജിത കെ എസ് പഴംകുളങ്ങരവെളി | 4000 | 132863/ 21.2.15 |
| 9 | ലേഖ കളരിയ്ക്കൽവെളി | 4000 | 132876/ 21.2.15 |
| 10 | ശാന്തമ്മ കിഴക്കേ അരീപ്പറമ്പ് | 4000 | 132877/ 21.2.15 |
| 11 | അജി കുന്നേൽ | 4000 | 132881/ 21.2.15 |
| 12 | പുഷ്കരൻ കണ്ണോത്തുവെളി | 4000 | 134301/ 12.3.15 |
| 13 | അനസൂയ ചെറുകാട്ടുവെളി | 4000 | 134305/ 12.3.15 |
| 14 | എം.എസ് സതീശൻ | 4000 | 134307/ 12.3.15 |
| 15 | ഔസേഫ് മത്തായി | 4000 | 134311/ 12.3.15 |
| 16 | കാർത്യായനി | 4000 | 134346/ 12.3.15 |
| 17 | രമാദേവി നികർത്തിൽ | 4000 | 557264/ 22.1.15 |
| 18 | ബാലകൃഷ്ണൻ ചാത്തനാട്ടുവെളി | 4000 | 557266/ 22.1.15 |
| 19 | ഇന്ദുലത കന്നിട്ടയിൽ | 4000 | 132874/ 21.2.15 |
| 20 | സിന്ധു ദൈവത്തിങ്കൽവെളി | 4000 | 132875/ 21.2.15 |
| 21 | എംഎസ് സതീശൻ | 4000 | 134307/ 12.3.15 |
| 22 | ഔസേഫ് മത്തായി കുന്തറയിൽ | 4000 | 134311/ 12.3.15 |
| 23 | കാർത്യായനി തായപ്പള്ളിവെളിയിൽ | 4000 | 134546/ 12.3.15 |
| 24 | കുഞ്ഞപ്പൻ തങ്കപ്പൻ കൈലാസത്തുവെളി | 4000 | 134329/ 12.3.15 |
| 25 | കനലാക്ഷി ചെറുവീട്ടിൽ | 4000 | 134330/ 12.3.15 |

| | | | |
|---|---|---|---|
| 26 | തങ്കപ്പൻ കണത്താപറമ്പത്ത് | 4000 | 134334/ 12.3.15 |
| 27 | സ്വയംപ്രഭ പുതുവെളി | 4000 | 134335/ 12.3.15 |
| 28 | ദേവയാനി ഭാസ്കരൻ കടവിൽവീട് | 4000 | 134337/12.3.15 |
| | ആകെ | 1,12,000 | |

2015-16 വർഷം മുൻകൂർ കൈപ്പറ്റിയ 52 ഗുണഭോക്താക്കളും 2014-15 വർഷം മുൻകൂർ കൈപ്പറ്റിയ 28 ഗുണഭോക്താക്കളും ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഇതുമൂലം ലക്ഷങ്ങൾ ചെലവഴിച്ച് നഗരസഭ നടപ്പാക്കിയ മേൽ പദ്ധതികൾ ഭൌതികലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുകയും ഇതിനായി ചെലവഴിച്ച 3,20,000 രൂപ നിലവിൽ പാഴ്ചെലവായ അവസ്ഥയിലാണ്. ആയതിനാൽ മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളെകൊണ്ട് കക്കൂസ് നിർമ്മാണം നടത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 ഗവ. ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ --- കൂടിയ നിരക്കിൽ മരുന്ന് വാങ്ങിയതുമൂലം അധികചെലവ്

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)

ചെലവ് തുക - 12,00,000 രൂപ (ബിൽനം 3/2015-16/ 23.8.2015.)

ഗവ. ആശുപത്രിയ്ക്ക് മരുന്നു വാങ്ങൽ (പ്രോജക്ട്നം 13/2016) പദ്ധതി പ്രകാരം 12,00,000 രൂപ ചെലവഴിച്ച് ഔഷധിയിൽ നിന്നും മരുന്നു വാങ്ങിയിട്ടുണ്ട്. ഇപ്രകാരം ഔഷധി സപ്ലൈ ചെയ്ത ചില മരുന്നുകൾക്ക് യഥാർത്ഥത്തിലുള്ള വിലയേക്കാൾ കൂടുതൽ ഈടാക്കിയിട്ടുള്ളതായി കാണുന്നു. പ്രഫോർമ ഇൻവോയ്സിൽ (നം. 667/23.8.2015) രേഖപ്പെടുത്തിയിട്ടുള്ള വിലയേക്കാൾ കൂടുതലാണ് ബില്ലിൽ (ബിൽനം 1950/26.11.15, 1964/29.11.15, 2646/31.12.15) കാണിച്ചിട്ടുള്ളത്. വിശദവിവരം താഴെകൊടുക്കുന്നു.

| ക്രമ നം | മരുന്നിന്റെ പേര് | എണ്ണം | പ്രഫോർമ ഇൻവോയ്സിലെ വില | ബില്ലിലെ വില | വ്യത്യാസം | അധികം ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | മുറിവെണ്ണ 450ml | 498 | 144 | 159 | 15 | 7470 |
| 2 | കർപ്പൂരാദി തൈലം 200ml | 996 | 138 | 160 | 22 | 21292 |
| 3 | നാൽപമരാദി തൈലം 450ml | 96 | 141 | 162 | 21 | 2016 |
| | ആകെ | | | | | 30778 |

പ്രഫോർമ ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ഔഷധിയ്ക്ക് നൽകിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11/28.1.16) നൽകിയ മറുപടി "മരുന്നിന് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ വിവരം ഔഷധിയെ അറിയിച്ചിട്ടുണ്ടെന്നും ആയത് പരിഹരിക്കാമെന്ന് ഔഷധി ഉറപ്പ് നൽകിയിട്ടുണ്ടെന്നുമാണ്". ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 30,778/-രൂപ ഔഷധിയിൽ നിന്നും തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-17 ഭവന പുനരുദ്ധാരണം - തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി നടപ്പാക്കിയില്ല

ഭവന പുനരുദ്ധാരണം -- ജനറൽ (പ്രോജക്ട്നം 9/2016), വീട് ഗുണമേന്മ വർദ്ധനവ് -- ജനറൽ സ്പിൽ ഓവർ (പ്രോജക്ട്നം 59/2016) എന്നീ പദ്ധതികൾ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ ചിലർ മുൻകൂർ തുക കൈപ്പറ്റിയതിനുശേഷം നിർമ്മാണം പൂർത്തിയാക്കുകയോ ശേഷിക്കുന്ന തുക കൈപ്പറ്റുകയോ ചെയ്തിട്ടില്ല. ഭവന പുനരുദ്ധാരണത്തിനായി ഒരു ഗുണഭോക്താവിന് 10,000 രൂപയാണ് സബ്സിഡിയായി അനുവദിച്ചിരുന്നത്. ഇതിൽ 5000 രൂപ മുൻകൂറായും ശേഷിക്കുന്ന 5000 രൂപ പണി പൂർത്തിയാക്കിയതിനുശേഷവുമാണ് നൽകുന്നത്. എന്നാൽ മേൽ

പ്രോജക്ടുകൾ പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ പല ഗുണഭോക്താക്കളും പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. സബ്സിഡി തുക മുൻകൂറായി കൈപ്പറ്റിയതിനുശേഷം നാളിതുവരെ പ്രവൃത്തി നടത്താതിരുന്ന ഗുണഭോക്താക്കളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | തുക | ചെക്ക് നം |
|---|---|---|---|
| 1 | ജോസഫ് ജോസഫ് ചെറുപറമ്പ് | 5000 | 669964/ 26.10.15 |
| 2 | ഷിബു പുതുവൽനികർത്ത് | 5000 | 167663/ 19.2.16 |
| 3 | വിലാസിനി വെളിയിൽ | 5000 | 668083/ 16.9.15 |
| 4 | വി.എ ഹംസ വെളിയിൽ | 5000 | 668086/ 16.9.15 |
| 5 | രവീന്ദ്രൻ ജയമന്ദിരം | 5000 | 669983/ 26.10.15 |
| 6 | മോഹനൻ പത്മാലയം | 5000 | 163684/ 4.12.15 |
| 7 | ഇ.സി. ചിത്രൻ ഇരകേലിൽ | 5000 | 163683/ 4.12.15 |
| 8 | രമ ഇല്ലത്തുവെളി | 5000 | 669984/ 26.10.15 |
| 9 | ഗോപകുമാർ ആനന്ദഭവൻ | 5000 | 163686/ 4.12.115 |
| 10 | കെ.എസ്. തോമസ് നെടിയാമ്പല നികർത്തിൽ | 5000 | 670035/ 27.10.15 |
| 11 | സരള പന്നിച്ചിറ | 5000 | 167668/ 19.2.16 |
| 12 | ബിന്ദു കൈലാസത്തുവെളി | 5000 | 668096/ 16.9.15 |
| 13 | അന്നമ്മ മംഗലത്തുവെളി | 5000 | 668093/ 16.9.15 |
| 14 | ഫിലോമിന മുര്യനാട്ടുതറ | 5000 | 163705/ 4.12.15 |
| 15 | അനിരുദ്ധൻ ചെറുവീട്ടിൽവെളി | 5000 | 163706/ 4.12.15 |
| 16 | അഞ്ജമ്മ വർഗ്ഗീസ് തീയാട്ടുപറമ്പിൽ | 5000 | 167666/ 19.2.16 |
| 17 | ലളിത വെളിപറമ്പിൽ | 5000 | 668097/ 16.9.15 |
| 18 | ഓമന ചങ്ങരനിവർത്ത് | 5000 | 670033/ 27.10.15 |
| 19 | അനി പഴക്കാച്ചിറ | 5000 | 669971/ 26.10.15 |
| 20 | പവിത്രൻ കോതക്കാട്ട് വെളി | 5000 | 670003/ |

| | | | |
|---|---|---|---|
| | | | 27.10.15 |
| 21 | ശ്രീനിവാസൻ പുതുവൽനികർത്ത് | 5000 | 165868/ 25.1.16 |
| 22 | കെ മണി അടമ്പിൽചിറ | 5000 | 560011/ 15.3.16 |
| 23 | രേണുക കാർത്തികേയൻ പുത്തൻതറ | 5000 | 137780/ 28.4.15 |
| 24 | മിനി ബാബു പുതുവൽനികർത്ത് | 5000 | 134016/ 6.3.15 |
| 25 | രത്നവല്ലി പുതുവൽനികർത്ത് | 5000 | 134017/ 6.3.15 |
| 26 | പ്രകാശൻ കണ്ടത്തിൽ | 5000 | 557146/ 21.12.15 |
| 27 | വത്സല നികർത്തിൽ | 5000 | 557149/ 21.12.15 |
| 28 | പൊന്നമ്മ ശെൽവമന്ദിരം | 5000 | 133011/ 23.2.15 |
| 29 | അരുന്ധതി കഴുന്നകാട്ട് | 5000 | 133076/ 23.2.15 |
| 30 | രാധാമണി നികർത്തിൽ | 5000 | 143203/ 13.8.15 |
| 31 | ശാന്തമ്മ മാവേലിവെളി | 5000 | 141124/ 24.615 |
| 32 | മണിയൻ ചാണിവെളി | 5000 | 135702/ 31.3.15 |
| 33 | ലീല വള്ളപ്പുരയ്ക്കൽ | 5000 | 133035/ 23.2.15 |
| 34 | സുഭാഷിണി ആശാരിവെളി | 5000 | 133048/ 23.2.15 |
| 35 | മായ മുല്ലേരിവെളി | 5000 | 133052/ 23.2.15 |
| 36 | സുമതി കൊല്ലേരുവെളി | 5000 | 134010/ 6.3.15 |
| 37 | ശ്രീകല കരുവായിൽചിറ | 5000 | 557077/ 21.1.15 |
| 38 | അജയൻ വലിയവീട്ടിൽ | 5000 | 557092/ 21.1.15 |
| 39 | വത്സല കോതകാട്ട് വെളി | 5000 | 557161/ 21.12.15 |
| 40 | ദേവകി ചങ്ങരംചിറ | 5000 | 557130/ 21.1.15 |
| 41 | രാധാരാജൻ നികർത്തിൽ | 5000 | 557176/ 21.12.15 |
| | ആകെ | 2,05,000 | |

ആനുകൂല്യം കൈപ്പറ്റിയ 41ഗുണഭോക്താക്കൾ യഥാസമയം പ്രവൃത്തി പൂർത്തിയാക്കാത്തതുമൂലം നഗരസഭ നടപ്പാക്കിയ മേൽ പദ്ധതികൾ ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെടുകയും ഇതിനായി ചെലവഴിച്ച 2,05,000 പാഴ്ചെലവാകുകയും ചെയ്തു. നഗരസഭയുമായി കരാറിലേർപ്പെട്ട് അഡ്വാൻസ് തുക കൈപ്പറ്റിയതിനുശേഷം പ്രവൃത്തി നടത്തുവാൻ തയ്യാറാകാത്തത് ശരിയായ നടപടിയല്ല. ആയതിനാൽ മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കളെക്കൊണ്ട് കക്കൂസ് നിർമ്മാണം നടത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-18 ഇ.എം.എസ് ഭവനപദ്ധതി വായ്പ തിരിച്ചടവ് -- പിൻവലിച്ച തുക യഥാസമയം ബാങ്കിൽ അടച്ചില്ല

ഇ.എം.എസ് ഭവനപദ്ധതിക്കായി ചേർത്തല ഗവ. സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ചേർത്തല ടൌൺ സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിവിടങ്ങളിൽ നിന്നാണ് നഗരസഭ ഭവനവായ്പ എടുത്തിട്ടുള്ളത്. വായ്പാതുകയുടെ മുതൽ നഗരസഭയും 10% നിരക്കിലുള്ള പലിശ സംസ്ഥാന സർക്കാരുമാണ് അടക്കുന്നത്. നഗരസഭയിലെ 11/16 നമ്പർ പ്രോജക്റ്റ് പ്രകാരം 2015- ൽ വികസന ഫണ്ടിൽ നിന്നും 27,26,250/-രൂപ ഇ.എം.എസ് ഭവനപദ്ധതി വായ്പാ തിരിച്ചടവിനായി വകയിരുത്തിയിരുന്നു. വായ്പാ തിരിച്ചടവിനായി ബിൽ നം 46/2015-16/19.12.2015 പ്രകാരം ട്രഷറിയിൽ നിന്നും 27,26,250 രൂപ പിൻവലിച്ച് ചേർത്തല ഗവ.സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് (13,76,250 രൂപ), ചേർത്തല ടൗൺ സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് (13,50,000 രൂപ) എന്നിവിടങ്ങളിൽ ഒടുക്കിയിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഗവ. സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 11.1.2016ലും ടൗൺ സർവ്വന്റ്സ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 22.1.2016ലും ആണ് തുക വരവ് വന്നിട്ടുള്ളത്. 19.12.2015 ൽ ട്രഷറിയിൽ നിന്ന് പിൻവലിക്കപ്പെട്ട പണം യഥാക്രമം 22, 33 ദിവസങ്ങൾക്ക് ശേഷമാണ് വായ്പയിൽ വരവ് വയ്ക്കപ്പെട്ടത്. ഇത് മൂലം 20,500/- രൂപ സംസ്ഥാന സർക്കാരിന് പലിശയിനത്തിൽ താഴെപറയും പ്രകാരം അധികച്ചെലവുണ്ടായിട്ടുണ്ട്.

1376250 രൂപയ്ക്ക് 10% ക്രമത്തിൽ 22 ദിവസത്തെ പലിശ -- 8295 രൂപ

1350000 രൂപയ്ക്ക് 10% ക്രമത്തിൽ 33 ദിവസത്തെ പലിശ -- 12205 രൂപ

ആകെ --- 8295 + 12205 = 20,500/- രൂപ

ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക യഥാസമയം ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-19 കാലി വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നു- നഷ്ടം 28750/-

2015-16 വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം ചെയ്ത ടാറിംഗ് പ്രവൃത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ വില ഉൾപ്പെടുത്തിയാണ് നിരക്ക് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഫൈനൽ ബിൽ നൽകിയപ്പോൾ വീപ്പയുടെ വില കുറവ് ചെയ്യാതെ തുക അനുവദിച്ചിരിക്കുന്നത് അധികച്ചെലവിനിടയാക്കി. വിശദാംശം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി / കരാറുകാരന്റെ പേര് | ടാറിംഗ്ചെയ്ത വിസ്തീർണം/ അളവു പുസ്തകം | ഉപയോഗിച്ച/ ആവശ്യമായ ബിറ്റുമിൻ കി.ഗ്രാം | വീപ്പയുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന വീപ്പയുടെ വില @250 | ചെലവു വിവരം ബിൽ നം / ഡി.ഡി നം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| പഞ്ചവടി -ശാവേശ്ശേരി റോഡ് റീടാറിംഗ് കെ.ബൈജു | 585 $m^2$ 136.88 $m^3$ (പോട്ട് ഹോൾ ഫില്ലിംഗ്) mb 34/15 | 1822 | 11 | 2750 | 47/29-03-16 |
| തൊമ്മൻകവല-കൊച്ചുകുളങ്ങര | 573.80 $m^2$ mb 39/15 | 1846 | 12 | 3000 | 45/22-03-16 |

| | | | | | |
|---|---|---|---|---|---|
| റോഡ് റീടാറിംഗ്<br>കെ.ബൈജു | | | | | |
| ചാവടിപ്പറമ്പ്-അങ്കണവാടി റോഡ് മെറ്റലിംഗ് &ടാറിംഗ് | 386 $m^2$<br>mb 38/15 | 1142.5 | 7 | 1750 | 41/22-03-16 |
| ആനന്ദാലയം-തുളസിത്തറ റോഡ് &ടാറിംഗ്<br>കെ.ബൈജു | 411$m^2$<br>mb 33/15 | 1218 | 8 | 2000 | 34/2-03-16 |
| TMMC-പുതിയംപള്ളി റോഡ് മെറ്റലിംഗ് &ടാറിംഗ്<br>ഡി.രതീഷ് | 286.30 $m^2$<br>mb 53/15 | 847 | 6 | 1500 | 55/31-03-16 |
| ശക്തീശ്വരം -കടമ്പനാട്ട് ടാറിംഗ് രണ്ടാംഭാഗം<br>കെ.ബൈജു | 411 $m^2$<br>mb 40/15 | 1226 | 8 | 2000 | 40/17-03-16 |
| ചാണിവാരത്ത് -മഠത്തിൽറോഡ് റീടാറിംഗ്<br>ഡി.രതീഷ് | 546 $m^2$<br>mb 54/15 | 1753 | 11 | 2750 | 46/29-03-16 |
| മാടെവെളി-അറയ്ക്കവെളി റോഡ് മെറ്റലിംഗ് &ടാറിംഗ്<br>കെ.ബൈജു | 378 $m^2$<br>mb 43/15 | 1155 | 8 | 2000 | 44/02-03-16 |
| മംഗലമുറ്റം-ഒറ്റപുന്ന റോഡ് മെറ്റലിംഗ് &ടാറിംഗ്<br>ഡി.രതീഷ് | 249$m^2$<br>mb 48/15 | 737 | 5 | 1250 | 28/02-03-16 |
| മഴവഞ്ചേരി-കിഴക്കേനാൽപത് റോഡ് ടാറിംഗ്<br>ഡി.രതീഷ് | 375 $m^2$<br>mb 31/15 | 1157 | 7 | 1750 | 42/22-03-16 |
| ആറാശ്ശേരി-കാർട്ടൻ കമ്പിനി റോഡ് ടാറിംഗ്<br>ഡി .ധനീഷ്കുമാർ | 375 $m^2$<br>mb 64/15 | 1119 | 7 | 1750 | 54/31-03-16 |
| മുസ്ലീംപള്ളി -ഇറച്ചിക്കട | 339 $m^2$ | 1025 | 7 | 1750 | 51/31-03-16 |

| | | | | | |
|---|---|---|---|---|---|
| റോഡ് റീടാറിംഗ്<br>ഡി .ധനീഷ്കമാർ | mb 61/15 | | | | |
| പൂതകുളം-എ.എസ് കനാൽ റോജ് ടാറിംഗ്<br>കെ.ബൈജു | 387 $m^2$<br>mb 41/15 | 1148 | 7 | 1750 | 559650/04-03-16 |
| മുട്ടത്തുപള്ളി-കോൺവെന്റ് റോഡ് ടാറിംഗ്<br>ഡി.രതീഷ് | 591 $m^2$<br>mb 3715 | 1744 | 11 | 2750 | 32/2-03-16 |
| ആകെ | | | | 28750 | |

കാലി വീപ്പയുടെ വില ഈടാക്കാതിരുന്നത് വഴി നഷ്ടമായ 28750/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-20 ടേപ്പ് മെഷർമെന്റ് - 10% കുറവു വരുത്തിയില്ല നഷ്ടം - 49915/-

2015-16 വർഷം മുനിസിപ്പൽ എഞ്ചിനിയർ നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികളിൽ ഗ്രാവൽ ഉപയോഗിച്ച് റോഡ്/സ്ഥലം ഉയർത്തിയിട്ടുണ്ട്. ഇതിനുള്ള അളവ് ടേപ്പ് മെഷർമെന്റിലാണ് അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പ്രസ്തുത അളവിൽ നിന്നും കൺസോളിഡേഷന് 10% കുറവു വരുത്തിയ അളവിനാണ് തുക അനുവദിക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാർക്ക് അധികം നൽകാനിടയായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് / കരാറുകാരൻ | ടേപ്പ്മെഷർമെന്റിൽ രേഖപ്പെടുത്തിയ അളവ്/അളവു പുസ്തകം | അനുവദിച്ച അളവ് | അനുവദനീയം (10% കുറവു വരുത്തിയതിനു ശേഷമുള്ള അളവ് ) | അധികം | അധികം നൽകിയ തുക | ചെലവു വിവരം |
|---|---|---|---|---|---|---|
| കൊട്ടൂർ റോഡ് കോൺക്രീറ്റിംഗ് സി.അർഷിജ ടെണ്ടർ കുറവ് (7.5%) | 26.77 $m^3$ mb 21/2015 | 26.54 $m^3$ @1024.85/$m^3$ | 24.093 $m^3$ | 2.453$m^3$ | 2514 (-)ടെണ്ടർ കുറവ്) 189 2325 | 16/27-01-16 |
| നെടുമ്പ്രക്കാട് ഗവ.യു.പി സ്കൂൾ മെസ് ഹാൾ നിർമ്മാണം വി. ശിവൻ എസ്റ്റിമേറ്റ് നിരക്ക് | 103.69 $m^3$ (yard filling) mb 09/15 | 103.69 $m^3$ @925.55/$m^3$ | 93.32 $m^3$ | 10.37 | 9598 | 5/10-08-15 |
| കുന്തലായി -പത്ത് കണ്ടം റോഡ് മെറ്റലിംഗ് &ടാറിംഗ് ഡി.രതീഷ് ടെണ്ടർ കുറവ് (15.76%) | 144.82 $m^3$ mb 20/2015 | 142.72 $m^3$ (@1024.85/$m^3$) | 130.25 $m^3$ | 12.47$m^3$ | 12780 (-)ടെണ്ടർ 2014 കുറവ്) 10766 | 14/30-12-15 |
| ഗുരുമന്ദിരം റോഡ് മെറ്റലിംഗ് ഡി.ധനീഷ് കുമാർ എസ്റ്റിമേറ്റ് നിരക്ക് | 147.90 $m^3$ mb18/2015 | 146.88 $m^3$ (@1024.85/$m^3$) | 133.11 $m^3$ | 13.77$m^3$ | 14112 | 20/30-01-16 21/30-01-16 |
| പുളിഞ്ചുവട് -കണിച്ചുകാട്ട് റോഡ് മെറ്റലിംഗ് ഡി.രതീഷ് ടെണ്ടർ കുറവ് (15.76%) | 151.86 $m^3$ mb19/2015 | 151.86 $m^3$ @1024.85 /$m^3$) | 136.67 $m^3$ | 15.19$m^3$ | 15567 (-)ടെണ്ടർ കുറവ് 2453 13114 | 13/1-01-16 |
| ആകെ | | | | | 49915 | |

10% കുറവുചെയ്യാതിരുന്നതു വഴി നഷ്ടമായ 49915/-രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-21 റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാതെ തുകചെലവഴിച്ചു

TMMC -പുതിയംപള്ളി റോഡ് മെറ്റലിംഗ് &ടാറിംഗ്

പ്രോജക്ട് നമ്പർ -SO117/16

അളവു പുസ്തകം -53/15

കരാറുകാരൻ - ഡി. രതീഷ്

ചെലവു വിവരം- ബിൽ നം 55/31-03-16

PAC - 3ലക്ഷം

എ) നിലവിൽ ഒന്നാം മെറ്റലിംഗ് നടത്തിയിട്ടുള്ള റോഡിന്റെ കുഴികളടച്ച് രണ്ടാം മെറ്റലിംഗ് നടത്തി ടാറിംഗ് നടത്തുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. ഇതനുസരിച്ച് പ്രവർത്തി ചെയ്യുന്നതിന് കരാർ വെച്ചിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് എക്സ്ട്രാ ഇനങ്ങൾ ചെയ്തതിനും എഗ്രിമെന്റ് ക്വാണ്ടിറ്റിയേക്കാൾ കൂടിയ അളവിനും കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എസ്റ്റിമേറ്റ് പ്രകാരമുള്ള അളവ് | അനുവദിച്ചത് | അധികം |
|---|---|---|---|
| Supplying and stacking 63mm to 45mm | 3.05 $m^3$ | 19.18 $m^3$ | 16.13 $m^3$ @1964.45/$m^3$ =31687 |
| Supplying and stacking gravelly earth | 0.58 $m^3$ | 2.10 $m^3$ | 1.52 $m^3$ @1225/$M^3$ = 1862 |
| Supplying and stacking screening material | 1.36 $m^3$ | 4.89 $m^3$ | 3.53 $m^3$ @2143.40/$m^3$ = 7566 |
| Ploughing the existing ground (extra item) | ----- | 182 $m^2$ | 182 $m^2$ @1838.42/100$m^2$ = 3346 |
| Earth work in rough excavation in available source (extra item) | ------ | 18.91 $m^3$ | 18.91 $m^3$ @1024.85/$m^3$ = 19380 |
| ആകെ | | | 63841 |

റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങതെയും സപ്ലിമെന്ററി കരാർ വെക്കാതെയും ചെലവഴിച്ച 63841/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ബി) ടി പ്രവൃത്തിയുടെ P2/11819/15 തീയതി 22-08-15 നമ്പർ വർക്ക് ഓർഡർ അനുസരിച്ച് പൂർത്തീകരിക്കേണ്ട തീയതി 21-11-15 ആണ്(മൂന്നു മാസം) എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 23-03-16 ൽ ആണ്. കാലതാമസം വരുത്തിയത് 4മാസം. നിർദ്ദിഷ്ട തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്നതിന് ഈടാക്കേണ്ട ഫൈൻ ചുവടെ കൊടുക്കുന്നു.

ആദ്യ തവണ (ഒറിജിനൽ സമയത്തിന്റെ 25%) --- 3000/-

രണ്ടാംതവണ ----- 6000/-

ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

സി) ഇനം 1 ആയി 55.89 $m^2$ വിസ്തീർണത്തിൽ scarifying mettalledsurface എന്ന ഇനം ചെയ്തിട്ടുണ്ട്. CPWD സ്പെസിഫിക്കേഷൻ 16.9 അനുസരിച്ച് ടിയിനം 100 ചതുരശ്ര മീറ്റർചെയ്യുമ്പോൾ കുറഞ്ഞത് 4$m^3$ മെറ്റിൽ ലഭ്യമാണ്. ഇതനുസരിച്ച് 55.89 $m^2$ വിസ്തീർണത്തിൽ scarify ചെയ്യുമ്പോൾ 2.24 $m^3$ മെറ്റിൽ ലഭ്യമാണ്. ഇനം 5 ആയി 233 $m^2$ വിസ്തീർണത്തിൽ മെറ്റലിംഗ് നടത്തിയതിന് 19.18 $m^3$ അളവ് 63mm -45 mm സ്റ്റോൺ അഗ്രിഗേറ്റിന് കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്. Scarify ചെയ്തപ്പോൾ ലഭിക്കുന്ന മെറ്റിൽ കുറവു ചെയ്യാതിരുന്നതിനാൽ അധികം നൽകാനിടയായി. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 63mm -45 mm സ്റ്റോൺ അഗ്രിഗേറ്റ് സ്റ്റാക്ക് ചെയ്തത് | 21.76 $m^3$ |
| (-) 7.5 % for voids | 1.632 |
| (-) Scarified metal | 2.24 |
| അനുവദിക്കാവുന്നത് | 17.888 $m^3$ |
| | 1.292 $m^3$ (19.18 – 17.888) |
| അധികം നൽകിയ തുക | 1.292 @ 1964.45/$m^3$ = 2538/- |

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-22 ഓപ്പൺ എയർ ഓഡിറ്റോറിയം - നിഷ്ഫലം

സുവർണജൂബിലി കോംപ്ലക്സിന് സമീപം ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം

പ്രോജക്ട് നമ്പർ -S0035/16

അളവു പുസ്തകം -68/14

കരാറുകാരൻ -എസ്. ശിവൻ

ചെലവു വിവരം- ബിൽ നം 1/8-07-15

A) നഗരസഭാ വക സ്ഥലത്ത് സുവർണജൂബിലി കോംപ്ലക്സിന് സമീപം ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കുന്ന പ്രവൃത്തിയിൽ 7-ഇനമായി Flooring with cement concrete 1:4:8 75 mm thick using 40mm bs and plastered over with 12mm thick cement mortar 1:3 എന്നത് എസ്റ്റിമേറ്റ് അളവിൽ ക്ലിപ്തപ്പെടുത്തി 34.08$m^2$ (7.10x4.80) ചെയ്തതിന് 6452/10 $m^2$ നിരക്കിൽ 21988.41/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിനു പുറമേ എക്സ്ട്രാ ഇനം 3 ആയി ടൈൽ വിരിച്ചതിനും (flooring with vitrified chequard tile flooring over a bed of cm 1:3 12 mm thick ) തുക അനുവദിച്ചിട്ടുണ്ട്.

ടൈൽ വിരിക്കുന്ന പ്രവൃത്തിയിൽ cm 1:3, 12 mm കനത്തിൽ ചെയ്യുന്നതിനാൽ തറയിടുന്ന പ്രവൃത്തിയിൽ പ്ലാസ്റ്ററിംഗ് ഉൾപ്പെടുത്തേണ്ടതില്ല. തറയിട്ടതിന് ഘനമീറ്റർ അളവിന് തുക അനുവദിച്ചാൽ മതി.

അനുവദിക്കാവുന്ന അളവ് - 7.10 x 4.80 x 0.075 = 2.556 $m^3$@5667/$m^3$

= 14485/-

അനുവദിച്ചത് - 21988

അധികം - 7503/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

B) 6-ാം ഇനമായി നിർമ്മിച്ച സ്റ്റേജിന്റെ വശങ്ങളിൽ ഗ്രാവൽ വിരിച്ചതിന് ടേപ്പ മെഷർമെന്റിലാണ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പ്രസ്തുത അളവിൽ നിന്നും കൺസോളിഡേഷന് 10% കുറവു വരുത്തിയ അളവിനാണ് തുക അനുവദിക്കേണ്ടിയിരുന്നത്. ഇപ്രകാരം ചെയ്യാതിരുന്നതിനാൽ കരാറുകാരന് അധികം നൽകാനിടയായി . വിശദവിവരം ചുവടെ ചേർക്കുന്നു.

ടേപ്പ മെഷർമെന്റ് പ്രകാരമുള്ള അളവ് - 20.05 $m^3$

കുറവു വരുത്തേണ്ട അളവ് ----- 2 $m^3$

അധികം നൽകിയ തുക -------- 2 x 925.55/$m^3$ = 1851/-

കൺസോളിഡേഷന് 10% കുറവു വരുത്താതിരുന്നതു വഴി നഷ്ടമായ ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

C) ചേർത്തല ദേവീക്ഷേത്രത്തിന് വടക്ക വശമുള്ള നഗരസഭാ വക സ്ഥലത്ത് സുവർണജൂബിലി കോംപ്ലക്സിന് സമീപം നിർമ്മിച്ച ഓപ്പൺ എയർ ഓഡിറ്റോറിയം 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖണ്ഡിക 3-15 ) സൂചിപ്പിച്ചതു പോലെ നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്നു. പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ബ്രാഹ്മണ സമൂഹമഠം ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 11890/2015 (I) നമ്പർ കേസിന്റെ 12-10-15 തീയതിയിലെ വിധിയുടെ 4-ാം ഖണ്ഡികയിൽ നഗരസഭയ്ക്ക് ആവശ്യമെങ്കിൽ ബ്രാഹ്മണ സമൂഹമഠത്തിന്റെ സ്ഥലം ഏറ്റെടുക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ഏറ്റെടുക്കുകയാണെങ്കിൽ ടി സ്റ്റേജ് ഉപയോഗപ്രദമാക്കാവുന്നതാണ്. അതിനാൽ സ്ഥലം അക്വയർ ചെയ്ത് സ്റ്റേജ് പ്രയോജന പ്രദമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഇതിനായി ചെലവഴിച്ച 228869/-രൂപയിൽ മേല്പറഞ്ഞവിധം നിരാകരിച്ച തുക ഒഴികെയുള്ള 219515/- രൂപ പ്രസ്തുത പ്രോജക്ടിന് ഭരമാനുമതി നൽകിയ 03-06-14 ലെ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. തുക തടസ്സപ്പെടുത്തുന്നു.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-23 സൈറ്റിൽ ലഭ്യമായ സാധനം ഉപയോഗിക്കാതിരുന്നതു വഴി നഷ്ടം

കുറുന്തലായി -പത്ത് കണ്ടം റോഡ് മെറ്റലിംഗ്

പ്രോജക്ട് നമ്പർ -S092/16

അളവു പുസ്തകം 20/2015

കരാറുകാരൻ - ഡി. രതീഷ്

കരാർ - എസ്റ്റിമേറ്റ് നിരക്കിനേക്കാളും 15.76% കുറവ്

ചെലവു വിവരം- ബിൽ നം 14/30-12-15

A) പ്രസ്തുത പ്രവൃത്തിയിൽ ഇനം 1 ആയി 716.40 $m^2$ വിസ്തീർണത്തിൽ scarifying mettalled surface എന്ന ഇനം ചെയ്തിട്ടുണ്ട്. ടിയിനം ചെയ്തപ്പോൾ 40.07 $m^3$ Scarified material (മെറ്റിലും ഡസ്റ്റും) ലഭിച്ചതായി അളവു പുസ്തകം പേജ് 2 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.713.60 $M^2$ വിസ്തീർണത്തിൽ ഒന്നാം മെറ്റലിംഗ് നടത്തിയിട്ടുണ്ട്. ഇതിന് 66.72 $M^3$ 63mm-45 mm സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമാണ്. ഇതിനായി കരാറുകാരന് 33.54 $M^3$, 63mm -45 mm സ്റ്റോൺ അഗ്രിഗേറ്റിന് തുക അനുവദിച്ചിട്ടുണ്ട്. Scarified material ലിൽ നിന്നും 33.18 $m^3$ (66.72 - 33.54) മെറ്റിൽ ഉപയോഗിച്ചിട്ടുണ്ടെന്ന് മനസിലാക്കാം. ശേഷിക്കുന്ന 6.89 $m^3$ (40.07 – 33.18) Scarified material റോഡ് ഉയർത്തുന്നതിന് (ഇനം 2) ഉപയോഗിക്കാമായിരുന്നു.എന്നാൽ ഇത് ഉപയോഗിക്കാതെ കരാറുകാരൻ ഉപയോഗിച്ച 142.72$m^3$ ഗ്രാവൽ അളവിനാണ് തുക അനുവദിച്ചിരിക്കുന്നത്. സൈറ്റിൽ ലഭ്യമായ സാധനം ഉപയോഗിക്കാതികുന്നതു വഴിയുള്ള നഷ്ടം ചുവടെ കൊടുക്കുന്നു.

6. 6.89 x 1024.85 /$m^3$ = 7061/-

(-)ടെണ്ടർ കുറവ് 1113

5948

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

B) CPWD 16.9 ഇനം ആയി scarifying mettalled surface എന്ന ഇനത്തിന് ഒരു സ്ക്വയർമീറ്ററിന് 20.05 നിരക്കിൽ 713.60 $m^2$ ചെയ്തതിന് 14308/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിരക്കിൽ scarify ചെയ്യുമ്പോൾ ലഭിക്കുന്ന മെറ്റിൽ കൺസോളിഡേറ്റ് ചെയ്യുന്നതിന് 436.52/100 sq.m ഉൾപ്പെടുത്തിയിട്ടുണ്ട്. scarify ചെയ്ത പ്രതലം ലഭിച്ച മെറ്റിൽ ഉപയോഗിച്ച് ഒന്നാം മെറ്റലിംഗ് നടത്തുന്നതിനാൽ മേല്പറഞ്ഞ കൺസോളിഡേഷൻ ആവശ്യമില്ല. ആയതിനാൽ അനുവദനീയമായ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| CPWD 16.9 ഇനത്തിന്റെ നിരക്ക് (100sq.m) | 1376.39 |
| (-) കൺസോളിഡേഷൻ | 436.52 |
| | 939.87 |
| ഒരു സ്ക്വയർമീറ്ററിന് നിരക്ക് | 9.40 |
| അനുവദിക്കാവുന്ന നിരക്ക് (Sq m rate x cost intex) | 9.40 X 1.4571 = 13.70 |
| നിരക്കിലെ വ്യത്യാസം | 20.05 – 13.70 = 6.35/sq.m |

മേൽപ്രവൃത്തിയിൽ അധികം അനുവദിച്ചത് ------ 713.60 x 6.35 = 4531/-

(-)ടെണ്ടർ കുറവ് (15.76%) 700

3831

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-24 റോഡ് നിർമ്മാണത്തിൽ ആവശ്യത്തിന് മെറ്റിൽ ഉപയോഗിച്ചില്ല

മഴവഞ്ചേരി -കിഴക്കേ നാൽപത് റോഡ് ടാറിംഗ്

പ്രോജക്ട് നമ്പർ -S0103/16

അളവു പുസ്തകം 31/2015

കരാറുകാരൻ - ഡി. രതീഷ്

ചെലവു വിവരം- ബിൽ നം 42/22-03-16

ഇനം 1 ആയി 126.50 $m^2$ വിസ്തീർണത്തിൽ scarify ചെയ്തിട്ടുണ്ട്. ടി പ്രതലം മെറ്റലിംഗ് നടത്തുന്നതിന് 11.83 $m^3$, 65mm-45mm സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമാണ്. ഒന്നാം ഇനം ചെയ്തപ്പോൾ ലഭിച്ച 4.35 $m^3$ ഉം (അളവു പുസ്തകം പേജ് -3) കരാറുകാരൻ സ്റ്റാക്ക് ചെയ്ത വോയ്ഡ്സ് കുറച്ചതിനു ശേഷമുള്ള 6.216 $m^3$ ഉം ഉൾപ്പെടെ 10.566 $m^3$ ആണ് മെറ്റലിംഗിന് ഉപയോഗിച്ചിരിക്കുന്നത്. 1.264 $m^3$സ്റ്റോൺ അഗ്രിഗേറ്റ് കുറച്ചാണ് കരാറുകാരൻ ഉപയോഗിച്ചിരിക്കുന്നത്. ഇത് പ്രവൃത്തിയുടെ ഗുണമേന്മയെ ബാധിച്ചതായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഗുണമേന്മ ഉറപ്പു വരുത്തി പ്രവൃത്തി ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-25 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയില്ല

മുസ്ലീംപള്ളി ഇറച്ചിക്കട റോഡ് റീടാറിംഗ്

പ്രോജക്ട് നമ്പർ -S088/16

അളവു പുസ്തകം 61/2015

കരാറുകാരൻ - ഡി.ധനീഷ് കുമാർ

ചെലവു വിവരം- ബിൽ നം 51/31-03-16

A) 210 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലുമുള്ള റോഡ് 630 $m^2$ ഗതാഗതയോഗ്യമാക്കി തീർക്കുന്നതിന് മെറ്റലിംഗും ടാറിംഗും നടത്തുന്നതിന് ലക്ഷ്യമിടുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം പ്രസ്തുത റോഡിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ഇടുന്നതിന് JCB ഉപയോഗിച്ച് കുഴിച്ചിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി നിർവ്വഹിക്കാൻ കഴിയില്ലെന്ന് അസി.എഞ്ചിനിയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 113മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും(339$m^2$) scarify ചെയ്ത് ഒന്നും രണ്ടും മെറ്റലിംഗും നടത്തി ടാർ ചെയ്യുന്നതിനാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നത്. ജപ്പാൻ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ഇടുന്നതിന് JCB ഉപയോഗിച്ച് കുഴിച്ചിട്ടുള്ളതിനാൽ കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് റോഡ് കട്ടിംഗ് ചാർജ്ജിനത്തിൽ തുക ഈടാക്കേണ്ടതായിരുന്നു.

ഈടാക്കേണ്ട റോഡ് കട്ടിംഗ് ചാർജ്ജ് -- 113x1 = 113 $m^2$ @2028 = 229164/- (minimum)

കുടിവെള്ളവുമായി ബന്ധപ്പെട്ട അടിയന്തിര പ്രാധാന്യമുള്ള കാര്യമായതിനാൽ നഗരസഭയുടെ നിർദ്ദേശത്തെ തുടർന്നാണ് കേരള വാട്ടർ അതോറിറ്റി JCB ഉപയോഗിച്ച് കുഴിച്ചിട്ടുള്ളതെന്നാണ് എക്സിറ്റ് മീറ്റിംഗിൽ നഗരസഭ ചെയർമാൻ അറിയിച്ചിട്ടുള്ളത്.

മേല്പറഞ്ഞ തരത്തിലുള്ള നഷ്ടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

B) പ്രസ്തുത പ്രവൃത്തിയിൽഇനം 1 ആയി 351.50 $m^2$ വിസ്തീർണത്തിൽ scarifying mettalled surface എന്ന ഇനം ചെയ്തിട്ടുണ്ട്. ടിയിനം ചെയ്തപ്പോൾ 30.10 $m^3$ Scarified metal ലഭിച്ചതായി അളവു പുസ്തകം പേജ് 4 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. 351.50 $M^2$ വിസ്തീർണത്തിൽ ഒന്നാം മെറ്റലിംഗ് നടത്തിയിട്ടുണ്ട്. ഇതിന് 32.86 $M^3$ (351.50 X 0.0935)S 63mm -45 mm സ്റ്റോൺ അഗ്രിഗേറ്റ് ആവശ്യമാണ്. scarify ചെയ്തപ്പോൾ ലഭിച്ച 30.10 $m^3$ metal ഉള്ളതിനാൽ കരാറുകാരന് ടിയിനത്തിന് 2.76 $m^3$ (32.86 – 30.10 ) അളവിന് തുക അനുവദിച്ചാൽ മതി. എന്നാൽ 7.97 $m^3$ അളവിനാണ് 1964.45/$m^3$ നിരക്കിൽ കരാറുകാരന് തുക അനുവദിച്ചിരിക്കുന്നത്. അധികം നൽകിയത് 5.21 $m^3$ @1964.45/$m^3$ = 10235/-

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-26 SB കോളേജിന് വടക്കു വശം പാട്ടച്ചിറ തോടിന് സ്ലാബ് -കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് നമ്പർ -S0095/16

അളവു പുസ്തകം 27/2015

കരാറുകാരൻ - ആർ. സുരേഷ് കുമാർ

കരാർ - എസ്റ്റിമേറ്റിനേക്കാളും 2% കുറവ്

ചെലവു വിവരം- ബിൽ നം 57/31-03-16

A) നിലവിൽ കല്ലുകെട്ടുള്ള തോടിന്റെ ഇരുവശത്തും 35 cm ഉയരത്തിൽ RR Masonary നടത്തി സ്ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടാണിത്. 2014-ലെ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഒന്നാം ഇനമായി RR masonary with cement concrete 1:6:12 (cpwd specification no 7.1.1) 12.15$m^3$ ചെയ്തതിന് @5709.06/$m^3$ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.

1x 2x 38.58 x 0.45 x 0.35 = 12.15 $m^3$

രണ്ടാം ഇനമായി ഇതിനു പുറമെ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ചെയ്തതിന് 3.465 $m^3$ അളവിന് 7964.97/$m^3$ നിരക്കിൽ 27598.62 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ടിയിനം ചെയ്തത് അളവു പുസ്തകം പേജ് 2 ൽ താഴെപ്പറയും പ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

1 x 2 x 38.58 x 0.08 = 6.17 $m^3$

ഇത് എസ്റ്റിമേറ്റ് അളവായ 3.465 $m^3$-ൽ ക്ലിപ്തപ്പെടുത്തിയാണ് തുക അനുവദിച്ചിരിക്കുന്നത്.പ്രസ്തുത ഇനം 0.08 m കനത്തിൽ ചെയ്യുമ്പോൾ വരുന്ന അളവ് ചുവടെ കൊടുക്കുന്നു.

1 x 2 x 38.58 x0.45 x 0.08 = 2.78 $m^3$

അധികം അനുവദിച്ച അളവ് -- 3.465 – 2.78 = 0.685 $m^3$

അധികം നൽകിയ തുക - 0.685 @ 7964.97/$m^3$ = 5456/-

(-) ടെണ്ടർ കുറവ് (2%) - 109

5347

ടി തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാധ്യതയായി നിർണയിക്കുന്നതാണ്.

B) ഒന്നാം ഇനത്തിൽ (RR masonary with cement concrete ) 1:6:12 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റിംഗ് ഉൾപ്പെട്ടിട്ടുള്ളതിനാൽ രണ്ടാം ഇനമായ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ആവശ്യമില്ല. തൻവർഷം ചെയ്ത സമാന പ്രവൃത്തികളിൽ 1:2:4 സിമന്റ് കോൺക്രീറ്റിംഗ് ഉൾപ്പെടുത്തിയിട്ടില്ലായെന്നത് പ്രത്യേകം ശ്രദ്ധേയമാണ്. അതിനാൽ ആവശ്യമില്ലാത്ത ഇനം ചെയ്തതു വഴി അധികച്ചെലവിനിടയാക്കിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഈടാക്കേണ്ടതുക - 27599 – 5456 = 22143/-

(-) ടെൻഡർ വ്യതിയാനം - 443

21700

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-27 നഗരസഭ വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധിക്കുന്നില്ല

23.7.2015ൽ നഗരസഭ വാങ്ങിയ KL 32 H – 8884 എന്ന മഹീന്ദ്രാ ബൊലേറോ ജീപ്പിന്റെ ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മഹീന്ദ്രാ കമ്പനി പറയുന്ന മൈലേജ് ഈ വാഹനത്തിന് ലഭിക്കുന്നില്ല. തന്മൂലം ഈ വാഹനത്തിന്റെ മൈലേജിന്റെ കൃത്യത നിർണ്ണയിക്കുവാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ ഡിവിഷനിൽ നിന്നും ഇന്ധനക്ഷമതാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

കൂടാതെ നഗരസഭയിലെ വാഹനങ്ങളുടെ ഇന്ധനം നിറയ്ക്കുന്നതിന് ഇന്ധന രജിസ്റ്റർ മാത്രം നോക്കി വാഹനങ്ങളുടെ ഇന്ധന ബില്ലുകൾ പാസ്സാക്കുന്ന രീതിയാണ് നഗരസഭ അനുവർത്തിക്കുന്നത്. ലോഗ് ബുക്കും ഇന്ധനബില്ലുകളും തമ്മിൽ പരിശോധിച്ച് ഇന്ധനബില്ലുകൾ പാസ്സാക്കേണ്ടതാണ്.

## 3-28 ആവശ്യമായ രേഖകൾ ഇല്ലാതെ നിലത്തെഴുത്താശാൻമാർക്ക് ഗ്രാന്റ് അനുവദിക്കുന്നു

a)21.8.2015 ലെ 100ാം നമ്പർ വൗച്ചർ പ്രകാരം പത്ത് നിലത്തെഴുത്താശാൻമാർക്ക് 8/2014മുതൽ 07/2015 വരെയുള്ള ഗ്രാന്റ് തുകയായ 60000/-രൂപ (500x12x10) നൽകിയിട്ടുണ്ട്. ഇവരെല്ലാം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിലും പഠിതാക്കളായ കുട്ടികളെ സംബന്ധിച്ച യാതൊരു വിവരങ്ങളും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടില്ല. കുട്ടികളുടെ ഹാജർ, വയസ്സ് തുടങ്ങിയ മറ്റ് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

b)ഫയൽ പരിശോധിച്ചതിൽ നിലത്തെഴുത്താശാട്ടിയായ ശ്രീമതി.രാധ.പി.നായർ, നടുവിലേഴത്ത് (ശ്രീദിവ്യാ നിലത്തെഴുത്താശാൻ കളരി) എന്നവർക്കാണ് 24/8/2009 വരെ ഗ്രാന്റ് നൽകിയിരുന്നത് എന്നാൽ അതിനുശേഷം ഈ ഗ്രാന്റ് അനുവദിക്കുന്നത് ശ്രീമതി.ആർ ദിവ്യാ, നടുവിലേഴത്ത് എന്ന ആശാട്ടിക്കാണ്. രാധ പി നായർ, നടുവിലേഴത്ത് എന്ന കക്ഷിയുടെ ഗ്രാന്റ് ആർ.ദിവ്യാ എന്നിവർക്ക് നൽകുവാനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ആവശ്യമായ രേഖകൾ ഇല്ലാതെ നൽകിയ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം

ഒഴിവാക്കേണ്ടതാണ്.

## 3-29 വനിതാ ഹോസ്റ്റൽ നഗരസഭക്ക് ബാദ്ധ്യത

പ്രോജക്ട് നം.176/15

പ്രോജക്ടിന്റെ പേര് - വനിതാ ഹോസ്റ്റലിന്റെ അറ്റകുറ്റപണി

അടങ്കൽ - 5,00,000/-(പ്ലാൻ ഫണ്ട്)

ആകെ ചെലവ്- 2,91,396/-

നഗരസഭയുടെ നിയന്ത്രണത്തിലുള്ള വനിത ഹോസ്റ്റലിന്റെ അറ്റകുറ്റപണികൾ നടത്തിയതിന് കരാറുകാരനായ ശ്രീ.ലാജിമോൻ എന്നയാൾക്ക് 2,91,396/-രൂപ (ഡി.ഡി.നം.563893 തീ.20.4.2016)നൽകിയിട്ടുണ്ട്. നവീകരിച്ച വനിത ഹോസ്റ്റൽ പൊതുജനങ്ങൾക്ക് വേണ്ടി നഗരസഭ തുറന്ന് നൽകിയെങ്കിലും അന്തേവാസികൾ ആരും ഉള്ളതായി കാണുന്നില്ല. കൂടാതെ യാതൊരു വരവും ഉള്ളതായി പരിശോധനയിൽ കണ്ടില്ല. ഇതുസംബന്ധിച്ച് നൽകിയ 34ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുജനങ്ങളിലേക്ക് ഈ സ്ഥാപനത്തെകുറിച്ച് അറിവ് നൽകുന്നതിനാവശ്യമായ പരസ്യം പോലെയുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് സ്ഥാപനം വരുമാനപ്രദമാക്കേണ്ടതാണ്.

## 3-30 നഗരകാര്യാലയത്തിലെ സോളാർ പാനൽ പ്രവർത്തനക്ഷമമല്ല

മുനിസിപ്പാലിറ്റി ഓഫീസിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി ചാർജിനത്തിൽ യാതൊരു കുറവും കാണുന്നില്ല. സോളാർ പാനൽ പ്രവർത്തനക്ഷമമാണെങ്കിൽ വൈദ്യുതിചാർജ് ഉയരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ പരിപാലനങ്ങൾ നടത്തി സോളാർ പാനൽ പ്രവർത്തക്ഷമമാക്കേണ്ടതാണ്.

## 3-31 ആസ്തി രജിസ്റ്റർ - ആധികാരികത ഇല്ല

മുനിസിപ്പാലിറ്റിയുടെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കെട്ടിടങ്ങളും സ്ഥലങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ ആധികാരികത വ്യക്തമല്ല. പല സ്ഥലങ്ങളും പോക്കുവരവ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. കൂടാതെ ഏറ്റെടുത്ത സ്ഥലങ്ങളിൽ കൈയേറ്റങ്ങൾ ഉള്ളതായി പരിശോധനയിൽ ബോധ്യപ്പെട്ടതിനാൽ ആസ്തി സംരക്ഷണം വേണ്ടവിധത്തിൽ നഗരസഭ കൃത്യമായി പാലിക്കുന്നില്ല. വസ്തുവകൾ പോക്കുവരവ് ചെയ്ത് മുതൽക്കൂട്ടാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ 34ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ കൈവശം ഉള്ള എല്ലാ ഭൂമികളും പോക്കുവരവ് ചെയ്ത് നഗരസഭ സെക്രട്ടറിയുടെ പേരിൽ കരം തീർത്ത് ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

## 3-32 ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഓഡിറ്റിന് വേണ്ടി ആവശ്യപ്പെട്ടിരുന്ന PH-4909/07 എന്ന ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിൽ പി എച്ച് 4909/07- ാം നമ്പർ ഫയലിൽ വൗച്ചർ നം.138-7/15 തീയതി,22-7-2015 പ്രകാരം 360000/-രൂപ മഴക്കാലപൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കാക്കത്തതിനാൽ ഈ തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-33 വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ-പൂർത്തീകരണവിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല

പ്രോജക്ട് നം. S0080/16

1,27,29 എന്നീ വാർഡുകളിലെ വൈദ്യുതി ലൈൻ എക്സ്റ്റെൻഷനായി ബിൽ നം. 6/31.07.2015 പ്രകാരം 112892 രൂപ പിൻവലിച്ച് കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| വാർഡ് നം. | സ്ഥലം | വകയിരുത്തിയ തുക |
|---|---|---|
| 1 | ശക്തീശ്വരം കടമ്പനാട് റോഡ് | 30000 |
| 2 | ആഞ്ഞിലിപ്പാലം-വട്ടവെളിപ്പാലം റോഡ് | 68705 |
| 3 | പ്രൈവറ്റ് ബസ് സ്റ്റാൻഡ്-ഇരുമ്പുപാലം റോഡിൽ ഗാന്ധി ബസ്സാർ ഷോപ്പിംഗ് കോംപ്ലക്സ് | 15000 |

| | | |
|---|---|---|
| | കോമ്പൗണ്ടിൽ നിന്നും പടിഞ്ഞാറോട്ട് റ്റി.ഡി.റോഡിലേയ്ക്ക് | |
| ആകെ | | 113705 |

പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. വരവ് ഇനങ്ങൾ പരിശോധിക്കുവാൻ ആവശ്യമായ രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.

4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 245475 | അംഗൻവാടി പൂരക പോഷകാഹാരം | --- | 329179 (മുന്നിരിപ്പ് ഉൾപ്പെടെ) |

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർമ്മാണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/വൗച്ചർ നമ്പർ/ഡിഡിനം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB ചേർത്തല | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | | 112892 | 112892 | - |

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|

4-5. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ് ഭവന വായ്പ. | EMS/0001 /2009-10/ 03.03.2010 | 27262500 | 13193625 | 2726250 | - | 10467375 | - |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7. ഓഡിറ്റ് റിക്കവറി

ഇല്ല.

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 4-4-1 | 2007-08 | 4-4-1 | മൈത്രി ഭവന നിർമ്മാണ പദ്ധതി | ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് വിഹിതം തിരിച്ച് നല്കുന്നു |
| 1999-00 | 4-4-2 | 2007-08 | 4-4-2 | UPA ഫണ്ടിൽ നിന്നും തുക വക മാറ്റി | തുക തിരിച്ചടച്ചു (UPA ഫണ്ടിൽ) |
| 2007-08 | 2-1 | 2013-14 | 2-1 | ഗ്യാസ് ക്രിമറ്റോറിയം | നിലവിൽ ക്രിമറ്റോറിയം പ്രവർത്തനക്ഷമമല്ല. |

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 138979922 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 168186079 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 2204 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 179347 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1593086 |

(ബി) നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-7 | 904 | | പി.എസ് ഷിബു, സെക്രട്ടറി |
| 2-8 | 1300 | | പി.എസ് ഷിബു, സെക്രട്ടറി |
| 3-10 | | 8350 | പി.എസ് ഷിബു, സെക്രട്ടറി |
| 3-12 | | 2601 | ശ്രീകാന്ത്.എ.എസ് സെക്രട്ടറി |
| 3-16 | | 30778 | ഡോ. ഷീബ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം |
| 3-19 | | 28750 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-20 | | 49915 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-21(c) | | 2538 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-22(a) | | 7503 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-22(b) | | 1851 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-23(a) | | 5948 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-23(b) | | 3831 | കെ.സുഗുണൻ, |

| | | | |
|---|---|---|---|
| | | | മുനിസിപ്പൽ എഞ്ചിനിയർ |
| 3-25(b) | | 10235 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-26(a) | | 5347 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-26(b) | | 21700 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| ആകെ | 2204 | 179347 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 439730 | പി.എസ് ഷിബു, സെക്രട്ടറി |
| 3-13 | 450000 | സിഡ്ബ്യു.പി.ഐ, എസ്.സി.ഡി.ഒ. |
| 3-21(എ) | 63841 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-22(സി) | 219515 | കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ |
| 3-28 | 60000 | പി.എസ് ഷിബു, സെക്രട്ടറി |
| 3-32 | 360000 | എസ്.ജയലത, ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 1593086 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | കുറിപ്പ് |
|---|---|---|
| 2-8 | 65 | VAT ഇനത്തിലുള്ള നഷ്ടം |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1(എ, ബി).

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എസ് ഷിബു, സെക്രട്ടറി | - | സുകുമാര വിലാസം, നടുവത്ത്ചേരി, ചവറ സൗത്ത്.പി.ഒ, കൊല്ലം |
| ശ്രീകാന്ത്.എ.എസ് സെക്രട്ടറി | - | ചാമവിള വടക്കേതിൽ, കുനയിൽ, പറവൂർ പി.ഒ |
| ഡോ. ഷീബ, മെഡിക്കൽ ഓഫീസർ ആയുർവ്വേദം | - | ഡോ.ഷീബ, സ്രാമ്പിക്കൽ മഠം, നങ്ങ്യാർകുളങ്ങര, ചിങ്ങോലി.പി.ഒ. |
| കെ.സുഗുണൻ, മുനിസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനിയർ, ചേർത്തല | കളരിക്കൽ, SN.പുരം, ചേർത്തല |

4-10തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 1994—95, 1995-96 | എൽ.എഫ്.എ10/937/97/30.05.1999 |
| 1999-2000 | എൽ.എഫ്. എ14/982/01/22.10.2001 |
| 2006-07 | എൽ.എഫ്.ജി.എ5/1578/13/21.05.2014 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | എൽ.എഫ്.പി 10/1294/12/19.11.2012/12.12.2012 |
| 2011-12 | എൽ.എഫ്.പി 10/190/14/25.04.2014/15.07.2014 |
| 2012-13 | |

| | |
|---|---|
| 2013-14 | കെ.എസ്.എ.പി.ഇസഡ്.പി10/1086/15/06.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി-പി10-641/16/09.06.2016 /25.07.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി/ ജി.എ5-163/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി:14.02.2017

*ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ, ഇവ അനുസരിച്ചും നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ ചേർത്തല നഗരസഭയുടെ 31.03.2016ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ ഓഡിറ്റ് നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചേർത്തല നഗരസഭയുടെ 2015-16 ലെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/GA5-163/2017

Kerala State Audit Department,

District Audit Office, Alappuzha.

Date:14.02.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Cherthala Municipality in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295(4) of the Kerala Municipality Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Municipalities.

In my opinion, the Financial Statements of Cherthala Municipality for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

Senior Deputy Director

Kerala State Audit Department

Alappuzha